# സാന്ത്വം

## Unity of Retired Aided College Teachers of Kerala
# NEWSLETTER

2022 മേയ് പുസ്തകം 01 ലക്കം 01


**01** എഡിറ്റോറിയൽ
ഇന്ത്യൻ വിദ്യാഭ്യാസം :
അപകടകരമായ ദിശമാറ്റത്തിലേക്ക്...

**02** ലേഖനം
ഡോ. സുനിൽ പി ഇളയിടം
അറിവ്, മൂലധനം, വിമർശനാവബോധം.

**03** ലേഖനം
ഡോ. വി രാജേന്ദ്രൻ
സാന്ത്വം: വളർച്ചയുടെ ആദ്യ പടവുകൾ

**04** ലേഖനം
പ്രൊഫ. . എസ്. ശ്രീകുമാർ
കേരളത്തിന് വേണം സുതാര്യമായ
ദുരന്തനിവാരണ മാതൃക

**05** പ്രൊഫ. കെ.എസ്. ജയചന്ദ്രൻ
പെൻഷൻ പരിഷ്കരണം : കാലിക പ്രശ്നങ്ങൾ
ലേഖനം

**06** ലേഖനം
ഡോ അനീഷ് ടി എസ്,
XE – കോവിഡിന്റെ നാലാം തരംഗമോ?

**07** പെൻഷൻ പരിഷ്കരണത്തിന് വേണ്ടി


സർവിസിൽ നിന്നും വിരമിച്ച എയ്ഡഡ് കോളേജ് അധ്യാപകരുടെ കൂട്ടായ്മയായ സാന്ത്വം പ്രസിദ്ധീകരിക്കുന്നത്




സാന്ത്വം ഒന്നാം വാർഷിക പൊതുയോഗം
വിദ്യാഭ്യാസമന്ത്രി പ്രൊഫ. സി.രവീന്ദ്രനാഥ്
ഉദ്ഘാടനം ചെയ്യുന്നു (ജൂലൈ 2016)







സാന്ത്വം ആദ്യ പൊതുപരിപാടി പാലിയം ഇന്ത്യയുടെ അധ്യക്ഷനും പ്രശസ്ത ഭിഷഗ്വരനുമായ ഡോ.എം.ആർ. രാജഗോപാലിനെ ആദരിക്കുന്നു.(ഡിസംബർ 2015)

## ഉള്ളടക്കം


ഇന്ത്യൻ വിദ്യാഭ്യാസം : അപകടകരമായ ദിശ മാറ്റത്തിലേക്ക് ........ 03

അറിവ് , മൂലധനം , വിമർശനാവബോധം. ........ 05

സാന്ത്വം: വളർച്ചയുടെ ആദ്യ പടവുകൾ ........ 08

കേരളത്തിന് വേണം സുതാര്യമായ ദുരന്തനിവാരണ മാതൃക ........ 12

പെൻഷൻ പരിഷ്കരണം : കാലിക പ്രശ്നങ്ങൾ ........ 14

XE – കോവിഡിന്റെ നാലാം തരംഗമോ? ........ 16

പെൻഷൻ പരിഷ്കരണത്തിന് വേണ്ടി ........ 17




*പത്രാധിപസമിതി*

**പ്രൊഫ. എ. പ്രതാപചന്ദ്രൻ നായർ**
മാനേജിങ് എഡിറ്റർ

**ഡോ. വി. രാജേന്ദ്രൻ**
ചീഫ് എഡിറ്റർ

**അംഗങ്ങൾ**

പ്രൊഫ. പി. മമ്മദ്
ഡോ. ടി. എൻ. മനോഹരൻ
ഡോ. പി. ജെ. ഫിലിപ്പ്
ഡോ. എം.ആർ. സുദർശനകുമാർ
പ്രൊഫ. കെ. എസ്. ജയചന്ദ്രൻ
ഡോ. ആർ.ബി. രാജലക്ഷ്മി
പ്രൊഫ. സരോജാദേവി
ഡോ. ജോർജ് ജോസഫ്
ഡോ. പി.എസ്. ഫെറോസ്
ഡോ. ഹേമന്ദ് കുമാർ
ഡോ. എൻ. എം. സണ്ണി
ഡോ. അബ്ദുൽ റസാഖ്
ഡോ. എസ്. ഭാസിരാജ്
ഡോ. ലേഖ നരേന്ദ്രൻ


എഡിറ്റോറിയൽ

## ഇന്ത്യൻ വിദ്യാഭ്യാസം : അപകടകരമായ ദിശമാറ്റത്തിലേക്ക്...

ഒരു സമൂഹത്തിന്റെ ഭാവിഭാഗധേയം നിശ്ചയിക്കുന്നതിൽ വിദ്യാഭ്യാസ മേഖലയ്ക്കുള്ള പങ്ക് നിസ്തുലമാണ്. വൈവിധ്യമാർന്ന സംസ്കാരങ്ങൾ നിലനിൽക്കുന്ന നമ്മുടെ രാജ്യത്ത് ജനാധിപത്യ തത്വങ്ങളിലും മതേതരത്വ മൂല്യങ്ങളിലും അധിഷ്ഠിതമായിട്ടായിരിക്കണം ആ പ്രക്രിയ നടന്നു പോകേണ്ടത്. എന്നാൽ ഇന്ന് നമ്മുടെ വിദ്യാഭ്യാസരംഗം വിപരീതദിശയിലൂടെയാണ് കടന്നുപോകുന്നത്. ഒരുവശത്ത് ഭരണകൂടം വിദ്യാഭ്യാസമെന്ന പരമമായ ഉത്തരവാദിത്തത്തിൽനിന്ന് ക്രമേണ പിൻവാങ്ങുകയും തൽസ്ഥാനത്ത് സ്വകാര്യമേഖലയെയും അന്തർദേശീയ കോർപറേറ്റുകളെയും പ്രതിഷ്ഠിക്കുവാനുള്ള ശ്രമം നടക്കുകയുമാണ്. വിദ്യാഭ്യാസമേഖലയിൽ കച്ചവടശക്തികൾക്ക് പരവതാനി വിരിക്കുന്ന തരത്തിൽ പുത്തൻ നയങ്ങൾ രൂപപ്പെടുത്തി നടപ്പിലാക്കുകയുമാണ്. ഇവിടെ അവസരസമത്വം, തുല്യത, സാമൂഹിക നീതി എന്നിവ നിരാകരിക്കുകയും പാവപ്പെട്ടവർക്ക് ഗുണമേന്മയുള്ള വിദ്യാഭ്യാസം അപ്രാപ്യമാകുകയും ചെയ്യുന്നു. പ്രൊഫഷണൽ വിദ്യാഭ്യാസം പണക്കാർക്ക് വേണ്ടി മാത്രമായി ക്രമീകരിക്കപ്പെടുന്നു. പാഠ്യപദ്ധതിയും കരിക്കുലവും ഫീസുമെല്ലാം സ്വകാര്യമേഖലയ്ക്ക് യഥേഷ്ടം നിശ്ചയിക്കാം എന്ന അവസ്ഥ സാമാന്യ വൽകരിക്കുവാനുള്ള ശ്രമം നടക്കുന്നു. വിദ്യാഭ്യാസ പ്രക്രിയയിൽ സാമൂഹ്യനിയന്ത്രണം അനാവശ്യമാണെന്ന ചിന്താഗതി പ്രചരിപ്പിക്കുന്നു. നയരൂപീകരണത്തിലും ധനവിനിയോഗത്തിലും

അധികാര കേന്ദ്രീകരണത്തിന് ശ്രമം നടക്കുകയാണ്. കേന്ദ്രസർക്കാർ യാതൊരുവിധ ജനാധിപത്യ മാർഗങ്ങളും അവലംബിക്കാതെ ഏകപക്ഷീയമായി തീരുമാനിച്ചു നടപ്പാക്കുന്ന പുതിയദേശീയ വിദ്യാഭ്യാസ നയം ഈ പ്രവണതകളെ അകമഴിഞ്ഞ് പിന്തുണയ്ക്കുന്ന തരത്തിലാണ് വിഭാവനം ചെയ്തിട്ടുള്ളത്. പാഠ്യപദ്ധതിയിലും സിലബസിലും ഭരണകൂടം താല്പര്യങ്ങൾക്കനുകൂലമായ ഇടപെടൽ ഉണ്ടായിരിക്കുന്നു. മതേതരത്വ മൂല്യങ്ങളെ തമസ്കരിക്കുകയും മതാധിഷ്ഠിതവും അന്ധവിശ്വാസ ജഡിലവുമായ പരമ്പരാഗത മൂല്യങ്ങളെ പുന:പ്രതിഷ്ഠിക്കുവാൻ തീവ്രശ്രമം നടത്തുകയുമാണ്. സർവ്വകലാശാലകളുടെ തലപ്പത്ത് മതതീവ്രവാദ ചിന്തകളെ പ്രോത്സാഹിപ്പിക്കുന്ന കപട അക്കാഡമിഷ്യൻമാരെ പ്രതിഷ്ഠിക്കുന്നു.

തികഞ്ഞ ഫാസിസ്റ്റ് സമീപനത്തോടെ അവർ ക്യാമ്പസുകളിൽ ഉയർന്നുവരുന്ന വിമർശാഭിപ്രായങ്ങളെ അടിച്ചമർത്തുന്നു. സ്വതന്ത്രമായ മാധ്യമ പ്രവർത്തനം വിലക്കുകയും മാധ്യമപ്രവർത്തകർക്ക് നേരെ ആക്രമണങ്ങൾ അഴിച്ചു വിടുകയും ചെയ്യുന്നു. ഈ അപകടങ്ങളെ ചെറുത്തു നിൽക്കുന്നതിനുള്ള ജനകീയ ബദൽശക്തി രൂപപ്പെട്ടുവരേണ്ടതുണ്ട്. ഈ സന്ദർഭത്തിൽ, ഉന്നത വിദ്യാഭ്യാസരംഗത്ത് സമഗ്രമായ പരിഷ്കാരത്തിന്വേണ്ടി കേരളത്തിലെ ഇടതുപക്ഷ സർക്കാർ നടത്തുന്ന ശ്രമങ്ങളെ വലിയ പ്രതീക്ഷയോടെയാണ് ഏവരും നോക്കികാണുന്നത്. കേരളത്തിന്റെ വികസന ഭാവിയിൽ നിർണായകമായ പങ്കാണ് വിദ്യാഭ്യാസത്തിന് വഹിക്കാനുള്ളത് എന്നും കേരളം ഒരു "വൈജ്ഞാനിക സമൂഹമായി" മാറണമെന്നും സർക്കാർ അഭിപ്രായപ്പെടുന്നു. ഗുണമേന്മയും മികവുമുള്ള ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഉയർന്നുവരേണ്ടതുണ്ട്. സാമൂഹിക നീതിയിലധിഷ്ഠിതമായി പ്രവർത്തിക്കുന്നവയായിരിക്കണം അത്തരം സ്ഥാപനങ്ങൾ. കേരള സർക്കാരിന്റെ ശ്രമങ്ങളെ നിരീക്ഷിക്കുവാനും നിർദേശങ്ങൾ രൂപപ്പെടുത്തി നൽകുവാനുമുള്ള ഉത്തരവാദിത്വം നാം ഏറ്റെടുക്കേണ്ടതാണ്.



## സന്ദേശം

സർവ്വീസിൽനിന്ന് വിരമിച്ച എ.കെ.പി.സി.ടി.എ പ്രവർത്തകരുടെ കൂട്ടായ്മയായ 'സാന്ത്വം' അതിന്റെ പ്രവർത്തനങ്ങളുടെ എട്ടാം വർഷത്തിലേക്ക് കടന്നിരിക്കുകയാണ്. വിരമിച്ച എ.കെ.പി.സി.ടി.എ പ്രവർത്തനകരെയും അംഗങ്ങളെയും അണിചേർത്ത് സമൂഹത്തിന് വേണ്ടി വിലപ്പെട്ട സേവനങ്ങൾ ഈ സംഘടന ചെയ്തു വരുന്നു. മുൻകാല സമരാനുഭവങ്ങൾ ഓർത്തെടുക്കുന്നതിനും അതിൽനിന്ന് ഊർജ്ജം ഉൾക്കൊണ്ട് സമൂഹനന്മയ്ക്ക് വേണ്ടി പുതിയ പ്രവർത്തന മേഖല കണ്ടെത്തുവാനും ഈ കൂട്ടായ്മ പ്രയോജനപ്പെടുന്നുണ്ട്. ഇത് നമ്മളിലുള്ള മുൻ കാല സമരവീര്യവും, ത്യാഗസന്നദ്ധതയും, സേവനോത്സുകതയും ഉത്തേജിപ്പിക്കും എന്ന കാര്യത്തിൽ സംശയമില്ല. ഇനി ഒന്നും ചെയ്യാനില്ല എന്ന് വിശ്വസിച്ച് സ്വന്തം ലാവണങ്ങളിലേക്ക് ചുരുങ്ങി കഴിയുന്ന വിരമിച്ച അധ്യാപകരെ വിളിച്ചുണർത്തി തങ്ങളുടെ ജീവിതത്തിന് ഇനിയും ഒരുപാട് അർത്ഥം ബാക്കിയുണ്ട് എന്ന് അവരെ ബോധ്യപ്പെടുത്തി കർമ്മോത്സുകരാക്കാൻ ഈ സംഘടന നിസ്തുലമായ സേവനമാണ് അനുഷ്ഠിച്ച് വരുന്നത്. സംഘടനയുടെ ഈ യത്നത്തിൽ ഏവരും പങ്കാളികളാകണമെന്ന് മുൻകാല സംഘടനാ പ്രവർത്തകരെ ഒരിക്കൽകൂടി ഓർമ്മപ്പെടുത്തുന്നു.

സ്നേഹപൂർവ്വം

**പ്രൊഫ.വി.നാരായണൻ കുട്ടി.**
**(സാന്ത്വം രക്ഷാധികാരി)**

## General Secretary's Desk



കേരളത്തിലെ എയ്ഡഡ് കോളേജുകളിൽ ദീർഘകാലം പ്രവർത്തിച്ചെടുത്തശേഷം വിരമിച്ച അധ്യാപകരുടെ കൂട്ടായ്മയാണ് 'സാന്ത്വം'. കേരളപ്പിറവിക്കുശേഷം നമ്മുടെ സമൂഹത്തിലും വിദ്യാഭ്യാസരംഗത്തും വന്ന മാറ്റങ്ങളിൽ സ്വകാര്യ കോളേജ് അധ്യാപകർ വഹിച്ച പങ്ക് ശ്രദ്ധേയമാണ്. അർപ്പണബോധത്തോടെ സംഘടനാ പ്രവർത്തനം നടത്തിയവർക്ക് സർവിസിൽ നിന്നും വിരമിച്ചാലും കൂട്ട് പിരിയാൻ കഴിയില്ല. മുൻകാല പ്രവർത്തകരുടെ കൂടിച്ചേരലുകൾ 2013 മുതൽ പ്രാവർത്തികമാക്കാൻ നമുക്ക് കഴിഞ്ഞു. സർവീസിൽ ഉള്ളപ്പോൾ സംഘടിത പ്രസ്ഥാനത്തിലൂടെ ആർജ്ജിച്ച മൂല്യങ്ങൾ ഉയർത്തിപ്പിടിച്ച് മുന്നേറാൻ സഹായകരമാകുന്ന ഒരു സംഘടനാ രൂപം ഉണ്ടാകണമെന്നും അതിന് കാരുണ്യപ്രവർത്തനങ്ങൾകൂടി നടത്താൻ കഴിയേണ്ടതാണെന്നും നിർദ്ദേശമുണ്ടായി. 2015 മെയ് ഒമ്പതിന് നടന്ന കൂടിച്ചേരൽ നമ്മുടെ കൂട്ടായ്മയ്ക്ക് 'സാന്ത്വം' എന്ന പേര് നൽകുകയും ചാരിറ്റബിൾ സൊസൈറ്റിയായി രജിസ്റ്റർ ചെയ്യുവാൻ തീരുമാനിക്കുകയും ചെയ്തു. 'സാന്ത്വം' എന്ന മലയാള പദത്തിന് ആശ്വാസവചനം, സൗഹൃദം, കൂട്ടായ്മ എന്നൊക്കെയാണ് അർത്ഥങ്ങൾ. 2015 സെപ്റ്റംബർ 28ന് രജിസ്ട്രേഷൻ വകുപ്പിൽ നിന്നും നാം അംഗീകാരം നേടുകയുമുണ്ടായി. പാലിയം ഇന്ത്യ' എന്ന സന്നദ്ധ സംഘടനയുമായി സഹകരിച്ച് പാലിയേറ്റീവ് കെയർ സംബന്ധിച്ച ക്ലാസ് ആയിരുന്നു സാന്ത്വത്തിന്റെ ആദ്യ പരിപാടി. തുടർന്ന് സംസ്ഥാന വിദ്യാഭ്യാസ മന്ത്രി പങ്കെടുത്ത പൊതുയോഗം, വിനോദയാത്രകൾ, പഠനയാത്രകൾ, സാംസ്കാരിക കൂട്ടായ്മകൾ, അവാർഡ് ജേതാക്കളായ നമ്മുടെ അംഗങ്ങളെ അനുമോദിക്കൽ, ചാരിറ്റി പ്രവർത്തനങ്ങൾ, സാമൂഹ്യ സാംസ്കാരിക വിദ്യാഭ്യാസ മേഖലകളിലെ കാലിക പ്രസക്തിയുള്ള വിഷയങ്ങളിൽ ചർച്ചകൾ എന്നിവയൊക്കെ നമുക്ക് സംഘടിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ട്. നോട്ട് നിരോധനം, പൗരത്വഭേദഗതി നിയമം തുടങ്ങിയവക്കെതിരെ സമൂഹത്തിൽ ഉയർന്നുവന്ന പ്രതിഷേധ പരിപാടികളിൽ നമ്മുടെ പങ്കാളിത്തവും ശ്രദ്ധേയമായ രീതിയിൽ ഉണ്ടായിരുന്നു. സേവന കാലത്ത് മാറ്റിവയ്ക്കപ്പെട്ട വേതനം എന്ന നിലയിൽ അർഹതപ്പെട്ട പെൻഷൻ കൃത്യമായും ലഭ്യമാകുന്നതിൽ ഏറെ സങ്കീർണതകൾ കടന്നു വരികയാണ്. ഇത്തരം പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി ശക്തമായ സംഘടിത പ്രസ്ഥാനം ഉണ്ടായേ കഴിയു എന്നതാണ് ഇന്നത്തെ അവസ്ഥ. നമ്മുടെ മേഖലയിൽ ഏറെ ശ്രദ്ധിക്കപ്പെടുന്ന ശക്തമായ പ്രസ്ഥാനമായി 'സാന്ത്വം' നിലനിൽക്കേണ്ടതുണ്ട്. അതിനായി ഏവരുടെയും അകമഴിഞ്ഞ പിന്തുണയും പ്രവർത്തനവും ഉണ്ടാകേണ്ടതാണ്.

ലേഖനം


# അറിവ് , മൂലധനം , വിമർശനാവബോധം.

ഡോ. സുനിൽ പി ഇളയിടം

നമ്മുടെ വിദ്യാഭ്യാസം ഇന്ന് ആകമാനം ചില പരിവർത്തനങ്ങൾക്കു വിധേയമായിക്കൊണ്ടിരിക്കുന്നു. വ്യത്യസ്ത നിലകളിൽ അതിനെ കാണാം. പുതിയ വിദ്യാഭ്യാസ നയം കഴിഞ്ഞ വർഷം നിലവിൽ വന്നു. ഇന്ത്യയിലെ മുഴുവൻ കലാലയങ്ങളും അടഞ്ഞു കിടക്കുമ്പോഴാണ് ഇങ്ങനെ ഒരു നയംകൊണ്ടുവരുന്നത്. ആരുമായും ഒരു ചർച്ചയും ഇക്കാര്യത്തിൽ നടത്തിയിട്ടില്ല. ഇനി ഒരു കാൽ നൂറ്റാണ്ടുകാലം നമ്മുടെ വിദ്യാഭ്യാസം എങ്ങനെ ആയിരിക്കണം എന്നു തീരുമാനിക്കുന്ന ഒരു നയം എക്സിക്യൂട്ടീവ് ഉത്തരവിലൂടെയാണ് നടപ്പിലാക്കുന്നത്. കോത്താരി കമ്മീഷൻ ആണെങ്കിലും രാജീവ് ഗാന്ധിയുടെ കാലത്ത് വന്ന അംബാനി ബിർള റിപ്പോർട്ട് ആണെങ്കിലും ആ രംഗത്തുള്ള വിദഗ്ധരുമായി ചില ചർച്ചകളൊക്കെ നടത്തിയിരുന്നു. എന്നാൽ ഇപ്പോഴത്തെ നയരൂപീകരണത്തിൽ വിദ്യാഭ്യാസ രംഗത്തെ വിദഗ്ധരുമായോ അധ്യാപക സംഘടനകളുമായോ, പാർലമെന്റിൽ പോലുമോ ഒരു ചർച്ചയുമുണ്ടായില്ല എന്നതാണ് എടുത്തു പറയേണ്ട കാര്യം. ഇങ്ങനെ ഒരു നയം രൂപപ്പെടുന്ന കാലത്താണ് കോവിഡ് പശ്ചാത്തലത്തിൽ ഓൺലൈൻ വിദ്യാഭ്യാസം സാർവത്രികമാക്കുന്നതിനു വേണ്ടിയുള്ള ശ്രമം നടക്കുന്നത്. അത് വരും കാലങ്ങളിലും തുടരേണ്ടിവരും. വിദ്യാഭ്യാസരംഗത്ത് ഘടനാപരമായ വ്യതിയാനമാണ് ഓൺലൈൻ വിദ്യാഭ്യാസം കൊണ്ടു വരുന്നത്.

എന്തിനാണ് വിദ്യാഭ്യാസം? എന്ന ചോദ്യത്തിന് ഈ മാറ്റങ്ങൾ പുതിയ ചില ഉത്തരങ്ങൾ നൽകുന്നുണ്ട്. സ്കൂളുകളിൽ മാത്രമല്ല കോളേജുകളിലും സർവകലാശാലകളിലും ഇന്ന് ഓൺലൈൻ കോഴ്സുകൾ നടക്കുന്നുണ്ട്. ഓൺലൈൻ വിദ്യാഭ്യാസത്തിന്റെ ഭാഗമായി ഉയർന്നുവന്ന ചർച്ചകൾ പ്രധാനമായും ഊന്നൽ നൽകുന്നത് ഡിജിറ്റൽ ഡിവൈഡ് **(Digital Divide)**, ഡിജിറ്റൽ ലിറ്ററസി **(Digital Literacy)** എന്നിവയെക്കുറിച്ചാണ്. ആകെയുള്ള കുട്ടികളിൽ 20 ശതമാനത്തിനു താഴെ മാത്രമേ മൊബൈൽ ഫോൺ സൗകര്യം ലഭ്യമായിട്ടുള്ളൂ. ഒരുപക്ഷേ കേരളം ഇക്കാര്യത്തിൽ അൽപം കൂടി മുന്നോട്ട് പോയിട്ടുണ്ടാകാം. എന്നാൽ ഡേറ്റയും മൊബൈലും ഉള്ളതുകൊണ്ട് മാത്രം ഡിജിറ്റൽ ലിറ്ററസി കൈവരിക്കാനാകും എന്ന് പറയാനാവില്ല. അതിന്റെ ശരിയായ ഉപയോഗത്തിനുള്ള അറിവ് എത്ര ശതമാനം കുട്ടികൾക്ക് കൈവരിക്കാൻ കഴിയുന്നു എന്നത് പരിശോധിക്കേണ്ടതാണ്.

പെഡഗോഗിയെ സാങ്കേതിക വിദ്യ കൊണ്ട് പകരംവെക്കാനുള്ള സമ്മർദ്ദമാണ് ഇന്ന് നടക്കുന്നത്. ഓരോ വിഷയത്തിനും അതിന്റേതായി സമാഹരിക്കപ്പെട്ട വിജ്ഞാനത്തിന്റെയും രീതിശാസ്ത്രത്തിന്റെയും പ്രകൃതത്തിൽ മാറ്റങ്ങൾ ഉണ്ടാക്കുന്നുണ്ട്.



ഡോ. സുനിൽ പി. ഇളയിടം

അത് മനസ്സിലാക്കി ഏതളവിലാണ് പഠനപ്രക്രിയയിൽ സാങ്കേതികതയെ കൂട്ടിയിണക്കൻ കഴിയുക എന്ന് പരിശോധിക്കേണ്ടതുണ്ട്. അതായത് ഭവശാസ്ത്രത്തിന് ഇണങ്ങുന്ന തത്വചിന്ത പഠിപ്പിക്കുന്ന രീതിയല്ല സ്റ്റാറ്റിസ്റ്റിക്സ് അവലംബിക്കുന്നത്. ഇത് രണ്ടുമല്ല സാഹിത്യ പഠനത്തിലും സൗന്ദര്യാത്മക പഠനങ്ങളിലും ഉള്ളത്. അതുകൊണ്ട് എല്ലാ വിഷയങ്ങൾക്കും, ഒരേ സാങ്കേതിക വിദ്യ അല്ല,മെത്തഡോളജി അല്ല, ബോധനരീതിയുമല്ല. ഒരു പ്ലാറ്റ്ഫോമിന്റെ അടിസ്ഥാനപരമായ സാങ്കേതികതയിലേക്ക് എല്ലാ വിഷയങ്ങളെയും പരിഭാഷപ്പെടുത്താൻ അധ്യാപനം നിർബന്ധിതമായി തീരുന്ന ഒരു സ്ഥിതിയുണ്ട്.

ഈ സന്ദർഭത്തിൽ ഓൺലൈൻ ചർച്ചകളെക്കുറിച്ച് സച്ചിദാനന്ദൻ മാഷ് പറഞ്ഞത് വളരെ പ്രസക്തമാണ്. മൊബൈൽ തുറന്നു 100 പേരോട് നിങ്ങൾ സംസാരിക്കുന്നു എന്ന് പറഞ്ഞാൽ പണ്ട് അതിനെ ഭ്രാന്ത് എന്നാണ് പറയുക, ഇപ്പോൾ അതിനെ വെബിനാർ എന്നാണ് പറയുക. ഓൺലൈൻ പഠനത്തിന്റെ പരിമിതി ഇവിടെ വ്യക്തമാക്കപ്പെടുകയാണ്. അറിവ്, മൂലധനം, വിമർശനാവബോധം എന്നതിൽ അധ്യാപനത്തിലൂടെയുള്ള അറിവാണ് അധ്യാപക സമൂഹം ഗൗരവമായി പരിഗണിക്കേണ്ടത്. മെക്‌ലുഹൻ പറയുന്നത് **'Medium is the message'** എന്നാണ്. മീഡിയത്തിന് ജ്ഞാനവിതരണത്തിൽ പങ്കുണ്ട്.

വിമർശനം വിശാലാർത്ഥത്തിൽ അറിവിനെ രൂപപ്പെടുത്തുന്ന വ്യവഹാരമാണ്. അറിവിന് അറിവിന്റെ അവസ്ഥയുണ്ടാക്കുക. ഡാർവിന്റെ പരിണാമ സിദ്ധാന്തത്തെ എംഗൽസ് നോക്കി കാണുന്നുണ്ട്. Struggle for existence', എന്ന വ്യാഖ്യാനത്തിൽ ജന്തുജാലങ്ങൾ തമ്മിലുള്ള സഹകരണത്തെ പരിഗണിക്കാതിരുന്നത് എന്തുകൊണ്ടാണ് എന്ന് അദ്ദേഹം ചോദിക്കുന്നു. മുതലാളിത്ത വിപണിയിൽ ചരക്കുകൾ നിറയുകയും അവിടെ നിലനിൽപ്പിന് വേണ്ടിയുള്ള മത്സരം ഉണ്ടാവുകയും ചെയ്യും. നാം ആശയങ്ങൾ രൂപപ്പെടുത്തുന്നത് ചരിത്രത്തിനുള്ളിലാണ്. സാമൂഹികബന്ധങ്ങൾ ചരിത്രം, എല്ലാം ചേർന്നിട്ടാണ് ഒരു ജ്ഞാനരൂപം നിലവിൽ വരുന്നത്. വിമർശനം എന്നത് നിലനിൽക്കുന്ന അറിവിന്റെ രൂപാന്തരമാണ് .

കാളിദാസനെ ഇന്ത്യൻ ഷേക്സ്പിയർ എന്ന് വിളിക്കുന്നത് സാഹിത്യപരമായ ഒരു താരതമ്യമല്ല, മറിച്ച് ഒരു കൊളോണിയൽ സംബോധനയാണ്. അതൊരു സാഹിത്യ പരമായ ധാരണ (Literary Understanding) അല്ല. അറിവിന്റെ വസ്തുവല്ക്കരണം വലിയതോതിൽ നടക്കുന്നുണ്ട്. അറിവിനെ ഒരു പണിത്തരമായിട്ടാണോ കാണേണ്ടത്? അതോ ഒരു സാമൂഹിക ചരിത്രധാരണയായിട്ടാണോ കാണേണ്ടത്? എന്നൊരു ചോദ്യം ഉന്നയിച്ചാൽ അതിലൂടെ മൂലധനശക്തികൾ നിങ്ങളെ ഒരു പഴഞ്ചനായി കാണും. വിമർശനത്തിൽ നടക്കുന്നത് അറിവുകളുടെ അപനിർമ്മാണമാണ്. അതിലൂടെ അതൊരു വിമോചനമൂല്യമായിത്തീരും. പുതിയ അറിവിന്റെ സ്വാംശീകരണവും അവിടെ നടക്കുന്നു. ഇതിൽ വിദ്യാഭ്യാസം ഊന്നൽ നൽകേണ്ടത് ഏതിനാണ് എന്നത് ഒരു രാഷ്ട്രീയ ചോദ്യം (Political Question) ആണ്. അതൊരു ബോധനസംബന്ധിയായ ചോദ്യമല്ല.

വിജ്ഞാന സങ്കല്പത്തെ വലിയതോതിൽ സ്വാംശീകരിക്കുന്ന വിദ്യാഭ്യാസ രീതിയാണ് സാങ്കേതിക വിദ്യാഭ്യാസത്തിലൂടെ നടക്കുന്നത്. അമ്പതിനായിരത്തോളം വരുന്ന കോളേജുകൾക്ക് പൊതുവായി പുതിയ വിദ്യാഭ്യാസരേഖ നിർദ്ദേശിക്കുന്നു എന്നതാണ് വിമർശനത്തിലൂടെ സാധ്യമാക്കുന്നത്. അക്കാദമികവും സാമ്പത്തികവുമായ സ്വയംപര്യാപ്തതയ്ക്കായി വിപണിയിൽ വിൽപ്പന മൂല്യമുള്ള കോഴ്സുകൾ തുടങ്ങണം എന്നു അഭിപ്രായമുണ്ടായി അതിനായി തൊണ്ണൂറുകളിൽ അനവധി എൻജിനീയറിങ് കോളേജുകൾ പൊട്ടിമുളച്ചു അപ്പോൾ അതിന്റെ അനിവാര്യതയില്ലായ്മയെ കുറിച്ച് പലരും പറഞ്ഞതാണ്. ഒരു വർഷം 60,000 പേരാണ് പഠനം കഴിഞ്ഞ് പുറത്തിറങ്ങുക. അതിൽ പത്തിൽ ഒരാളെ മാത്രമേ സമൂഹത്തിന് ആവശ്യമായിവരു. മാത്രമല്ല ശാസ്ത്രേതര വിഷയങ്ങൾക്ക് കുട്ടികളെ കിട്ടാതെയും വന്നു. തത്ഫലമായി അതി ദുർബലമായ ഒന്നായി വിജ്ഞാനം പരിണമിക്കുകയാണുണ്ടായത്. സാഹിത്യം ചിന്താപരമായ ഒരു വിഷയമാണെന്ന ധാരണയോടെ പഠിപ്പിക്കുന്നവർ വളരെ കുറവാണ്. സാഹിത്യ പഠനത്തിന്റെ ദുർബലമായ രീതികൾ കൊണ്ട് അത് വിലകുറഞ്ഞ താഴെ തട്ടിലുള്ള ഒരു പഠനമാണെന്ന ചിന്ത വളർന്നു

വിഷയങ്ങളെ അകമേ ദുർബലപ്പെടുത്തുക, വിഷയങ്ങളെ വിവരങ്ങളിൽ കൊണ്ട് തളയ്ക്കുക, മുഖ്യമായത് പണി പഠിക്കലും വൈഭവ നിർമ്മാണവുമാണെന്ന കാഴ്ചപ്പാട് വളർത്തിക്കൊണ്ടുവരിക എന്നിവയാണ് സംഭവിച്ചുകൊണ്ടിരിക്കുന്നത്. മറിച്ച് അറിവിനെ അകമേ അഴിച്ചു പണിയാനോ ആ അറിവിൽ നിന്ന് പുതിയ ചോദ്യങ്ങൾ ഉല്പാദിപ്പിക്കാനോ ശ്രമിക്കുകയാണ് വേണ്ടത്. സാമ്പത്തിക ലാഭം എന്നത് ചൂഷണത്തിന്റെ മറുപേരാണ്. 'ലാഭം' എന്നതിനകത്ത് ഒരു "ചൂഷണ"വും ഉണ്ടാകുമെന്ന് മാർക്സ് വിമർശിക്കുമ്പോൾ അത് അതുവരെ നിലനിന്ന സാമ്പത്തിക സങ്കൽപ്പത്തിൽ വലിയ വിള്ളലുണ്ടാക്കി.

വിമർശനം എന്നത് നിലനിൽക്കുന്ന ഇടത്തെ അഴിച്ചു പണിയുകയും, മുന്നോട്ടായാൻ സമൂഹത്തെ തയ്യാറാക്കുകയും ചെയ്യുന്ന ശക്തിയാണ്. ക്രിട്ടിക് ഒരു വിഷയത്തിന്റെ ആധാരങ്ങളെ തന്നെ ചോദ്യം ചെയ്യുന്നു. വാജ്പേയ്യുടെ കാലത്താണ് ഉന്നത വിദ്യാഭ്യാസവുമായി ബന്ധപ്പെട്ടുള്ള അംബാനി-ബിർള റിപ്പോർട്ട് വരുന്നത്. സർക്കാർ സെക്കൻഡറി തലം വരെയുള്ള കാര്യങ്ങൾ നോക്കിയാൽ മതി. ഉന്നത വിദ്യാഭ്യാസം സ്വകാര്യ സംരംഭകരെ ഏൽപ്പിക്കണം. അവർക്ക് ആവശ്യമുള്ളവരെ അവർ ഉൽപ്പാദിപ്പിച്ചുകൊള്ളും. പക്ഷെ, അങ്ങനെയായാൽ ഒരു സമൂഹത്തെ നവീകരിക്കാനോ പൊളിച്ചു പണിയാനോ ആവശ്യമായ അറിവിനെ അവർ ഉണ്ടാക്കുമെന്ന് പ്രതീക്ഷിക്കാനാവില്ല. വിദ്യാഭ്യാസം കേവലം കച്ചവടത്തിനാവശ്യമായ വിവരശേഖരണം മാത്രമായി തീരുകയും വ്യാഖ്യാനാത്മകതയും വിമർശനവും തീരെ ഇല്ലാതായിത്തീരുകയും ചെയ്യും. ഉന്നത വിദ്യാഭ്യാസത്തെ ക്രിട്ടിക്കിലേക്ക് വികസിപ്പിക്കാനാകാതെ, വിമർശനത്തിന്റെ വഴിക്കു കൊണ്ടുവരാനാകാതെ കേവലം തൊഴിൽ പരിശീലനം എന്നിടത്തേക്ക് കൊണ്ടുപോകുന്നു. തൊഴിൽ പരിശീലനത്തിൽ ഒരു കുട്ടിക്ക് എവിടെയാണ് തന്റെ ചോയിസ് ഉള്ളത്?.

ഇന്ത്യയിൽ തൊഴിലധിഷ്ഠിത വിദ്യാഭ്യാസം എന്നത് ജാതി അടിസ്ഥാനത്തിലാണ്. സൗജന്യ സാർവത്രിക വിദ്യാഭ്യാസം എന്നതിനു പകരം ജാത്യാചാരപരമായ തൊഴിലധിഷ്ഠിതമായ വിദ്യാഭ്യാസത്തിലേക്ക് തിരിച്ചുവിടുകയാണ്. ജാതിയെ വിദ്യാഭ്യാസത്തിലേക്ക് മടക്കി കൊണ്ടുവരിക എന്നതാണ് ലക്ഷ്യമിടുന്നത്. ബ്രാഹ്മണ്യത്തിന്റെ മൂല്യങ്ങൾ ഒരുഭാഗത്ത് മൂലധനത്തിന്റെ മൂല്യങ്ങൾ മറുഭാഗത്ത്. ഇത് രണ്ടിനെയും പിന്തുണയ്ക്കുന്ന ഒരുബോധന രീതിയാണ് കഴിഞ്ഞ കാൽനൂറ്റാണ്ടായി പടിപടിയായി വികസിച്ചു.

തത്വചിന്ത പഠിപ്പിക്കുമ്പോൾ അതിന്റെ നാൾവഴികളല്ല പറയേണ്ടത്. മറിച്ച് തത്വചിന്തയിലൂടെ സഞ്ചരിക്കാൻ പഠിപ്പിക്കുകയാണ് വേണ്ടത്. സംഗീതം ആണെങ്കിൽ അതിനെ ആസ്വദിക്കാനാണ് പഠിപ്പിക്കേണ്ടത്. സാഹിത്യ പഠനത്തിലാകട്ടെ സൗന്ദര്യാനുഭൂതി ഉൾകൊള്ളലാണ് പ്രധാനം. കേവലം പ്രാഥമികവിവരങ്ങൾ വിതരണം ചെയ്യുന്ന നിലയിലേക്ക് അധ്യാപനത്തെ കൊണ്ടുപോകുന്നതിൽ യാതൊരർത്ഥവുമില്ല. വിവര വിതരണത്തിന്റെ വഴിയിലേക്കാണ് ഇന്നത്തെ ഓൺലൈൻ വിദ്യാഭ്യാസം നീങ്ങുന്നത്.

അധ്യാപനത്തിലൂടെ നാം രൂപപ്പെടുത്തിയെടുക്കുന്ന അറിവ് ഏതുവിധത്തിൽ പ്രദാനം ചെയ്യണം എന്നത് പ്രധാനമാണ്. എൻസൈക്ലോപീഡിയ പോലും പുതുമയില്ലാത്ത ഒന്നായിത്തീർന്നിരിക്കുന്നു. അത് എല്ലാവരുടെയും വിരൽത്തുമ്പിൽ ലഭിക്കുന്ന ഒന്നായി മാറിക്കഴിഞ്ഞു. ചുരുക്കത്തിൽ വിജ്ഞാന വിതരണത്തിന്റെ കേന്ദ്രമായി അധ്യാപനത്തെ കണ്ടിരുന്ന കാലം കഴിഞ്ഞു. അറിവ്, മൂലധനം, വിമർശനാവബോധം എന്നീ വിഷയങ്ങളെക്കുറിച്ച് പറയുമ്പോൾ ഹെതർനാസ് പറഞ്ഞ മൂന്ന് കാര്യങ്ങളാണ് ഇവിടെ പരാമർശിക്കേണ്ടതെന്ന് തോന്നുന്നു.

അത് വിവരം, വ്യാഖ്യാനം, വിമർശനം, എന്നതാണ്. ഭൂതകാലത്തിൽ സമാഹരിക്കപ്പെട്ടതാണ് വിവരം. 10 മാസം പഠനവും 2 മാസം അവധിയും എന്തിനാണെന്ന ചോദ്യത്തിന് എം. എൻ. വിജയൻ തമാശരൂപേണ പറയുന്നത് , "രണ്ടു മാസത്തെ അവധി പഠിച്ചതൊക്കെ മറക്കാനാണ്" എന്നാണ്. വ്യാഖ്യാനം പലതരത്തിൽ ഉണ്ടാകും. കൈവന്ന വിവരങ്ങൾ വച്ചുകൊണ്ട്, ഒരു സ്ഥിതി വിശേഷത്തെ വ്യാഖ്യാനിക്കുകയാണ്. വ്യാഖ്യാതാവിന്റെ കാഴ്ചപ്പാടുകൾക്ക് ഇവിടെ പ്രധാന പങ്കുണ്ട്. അവ തമ്മിലുള്ള സംവാദങ്ങൾക്ക് പുതിയ അറിവിനെ സൃഷ്ടിക്കാൻ കഴിയും. അതിൽ നിന്നും പലതരം ലോക വീക്ഷണങ്ങൾ ഉയർന്നുവരികയും ചെയ്യും. വിമർശന ശൂന്യമായ ഒരു വിജ്ഞാന മണ്ഡലത്തെ സൃഷ്ടിക്കുവാനുള്ള ശ്രമമാണ് ഇപ്പോൾ നടക്കുന്നത്. അതിനെ ചെറുക്കാൻ കഴിഞ്ഞില്ലെങ്കിൽ നമ്മൾ നടത്തുന്ന ശ്രമങ്ങൾക്കൊന്നും ഫലമുണ്ടാകില്ല.

അതുകൊണ്ട് വിമർശനാവബോധം എന്നത് ഒരു ചെറിയ കാര്യമല്ല. വിദ്യാഭ്യാസത്തിന്റെ പരമമായ ലക്ഷ്യം അറിവിനെ സാമൂഹിക ബന്ധമുള്ള ഒന്നായി കാണണം എന്നതാണ്. ഒരു സമൂഹത്തെ നൈതികമായി നിലനിർത്താൻ അത് ആവശ്യമാണ്. അല്ലെങ്കിൽ അറിവ് മൂലധനത്തിന്റെ വലിയ ഉപകരണങ്ങളായിത്തീരും. അങ്ങനെ ആക്കിത്തീർക്കാനുള്ള ശ്രമങ്ങളാണ് ഇപ്പോൾ നടക്കുന്നത്. പുത്തൻ വിദ്യാഭ്യാസ നയം പറയുന്നത് ധാർമ്മിക ശ്രേഷ്ഠതയുള്ള സമൂഹത്തെ വളർത്തിയെടുക്കണം എന്നാണ്. ധാർമ്മിക ശ്രേഷ്ഠതയും ബൗദ്ധിക ശ്രേഷ്ഠതയും രണ്ടല്ലെന്നാണ് അരിസ്റ്റോട്ടിലിന്റെ അഭിപ്രായം.

വിദ്യാഭ്യാസം ബൗദ്ധിക ശ്രേഷ്ഠതയിലേക്ക് വരുമ്പോൾ അത് ധാർമിക ശ്രേഷ്ഠത ആയിക്കൊള്ളും. ഇന്ന് ജാതിയുടെ വലിയ കേന്ദ്രങ്ങളായി ഐ.ഐ.ടി. പോലെയുള്ള ശാസ്ത്ര പഠന കേന്ദ്രങ്ങൾ തന്നെ മാറുന്ന സ്ഥിതിയാണ് കാണുന്നത്. അത്തരം വിദ്യാകേന്ദ്രങ്ങൾ ജാതി ഭ്രാന്തിന്റെ ഇടങ്ങളായി തീരുകയാണ്. കുട്ടികൾ വിവരമാർജ്ജിക്കുന്നു, എന്നാൽ ആ വിവരത്തെ വിജ്ഞാനമാക്കി മാറ്റുന്നില്ല അതിനാൽ അവർ സാമൂഹിക ബോധമുള്ളവരായി തീരുന്നില്ല. എങ്ങനെയെന്നാൽ പുസ്തകങ്ങളിലെ വിവരങ്ങൾ പുസ്തകത്തെ ഉൾക്കൊള്ളുന്ന അലമാരയെ തൊടാത്തതുപോലെ വിദ്യാഭ്യാസമെന്നത് അറിവ് നേടൽ മാത്രമായി പരിമിതപ്പെടുത്തുന്നു.

ഞാൻ ഇത്രയും പറഞ്ഞത് പുതിയ സാങ്കേതികവിദ്യകളെ ഈ രംഗത്തു പ്രയോഗിക്കുന്നതിനെതിരെയല്ല. അത് പ്രയോഗിക്കുന്ന സമയത്ത് ഇത്തരം പ്രശ്നങ്ങളെ അഭിമുഖീകരിക്കുവാനുള്ള സന്നദ്ധത കൂടി ഉണ്ടാകണമെന്ന് പറയാനാണ്. അതില്ലെങ്കിൽ ഉണ്ടാകുന്ന പ്രശ്നങ്ങൾ ഓർമ്മപ്പെടുത്താൻ വേണ്ടിയാണ്. സവിശേഷ ജ്ഞാനവുമായുള്ള വിമർശനാത്മക വിനിമയം പതിയെ അസാധ്യമായി തീരുകയും ഡാറ്റാ ഡെലിവറി (**Data Delivery**) വിദ്യാഭ്യാസത്തിന്റെ കേന്ദ്രപദ്ധതിയായിത്തീരുകയും ചെയ്യും. ഡാറ്റാ ഡെലിവറിയിലേക്ക് ചുരുങ്ങുന്ന അധ്യാപനത്തെ ക്രിട്ടിക്കൽ എൻഗേജ്മെന്റ് (**Critical Engagement**) എന്നതിലേക്ക് തിരിച്ചു കൊണ്ടുവരാൻ കഴിയുമോ എന്ന പ്രശ്നം നമ്മുടെ മുന്നിലുണ്ട്. അറിവ് മൂലധനം വിമർശനാവബോധം എന്നതിൽ മൂലധനം എപ്പോഴും വിമർശനാവബോധത്തെ അകറ്റി നിർത്താനും അറിവിനെ വിവര വൈഭവങ്ങളായി (**Information and Skill**) ചുരുക്കാനുമാണ് ശ്രമിക്കുക.

അറിവിനെ വിവരണത്തിൽ നിന്ന് വ്യാഖ്യാനത്തിലേക്കും അവിടെനിന്ന് വിമർശത്തിലേക്കും കൊണ്ടുപോകാൻ ശ്രമിക്കുകയാണ് വേണ്ടത്. അവസാനമായി എലിയറ്റിന്റെ റോക്സ് എന്ന നാടകത്തിലെ വരികൾ ഇവിടെ ഉദ്ധരിച്ചുകൊണ്ട് പ്രഭാഷണം നിർത്താം എന്ന് കരുതുന്നു. **"Where is our wisdom we have lost in knowledge; Where is our knowledge we have lost in information"**. അതുകൊണ്ട് ഭീമാകാരമായ വിവരപെരുക്കത്തിന്റെ നടുവിൽ അശരണരായി നിൽക്കുന്ന ഒരു കൂട്ടം ആളുകളായി ഉന്നത വിദ്യാഭ്യാസ മേഖലയിലുള്ളവർ മാറിത്തീരാതിരിക്കണമെങ്കിൽ നിശ്ചയമായും വിവരത്തെ വിമർശനാത്മകതയിലേക്ക് വികസിപ്പിക്കുക എന്ന സാമൂഹിക ഉത്തരവാദിത്തം നമ്മൾ ഏറ്റെടുക്കേണ്ടതുണ്ട്. അതായിരിക്കും രാഷ്ട്രീയ പ്രതിരോധത്തിനുള്ള ഏറ്റവും വലിയ വഴി എന്ന ആശയം അവതരിപ്പിച്ചുകൊണ്ട് ഞാനെന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

*സാന്ത്വം അക്കാദമിക് കമ്മിറ്റിയുടെ പ്രഭാഷണ പരമ്പര ഉദ്ഘാടനം ചെയ്തുകൊണ്ട് പ്രശസ്ത നിരൂപകനും പ്രഭാഷകനും വാഗ്മിയുമായ, ഡോ. സുനിൽ പി. ഇളയിടം നടത്തിയ പ്രഭാഷണത്തിൽ നിന്ന്*

ലേഖനം

# സാന്ത്വം: വളർച്ചയുടെ ആദ്യ പടവുകൾ

**ഡോ. വി രാജേന്ദ്രൻ**
സാന്ത്വം അക്കാഡമിക് കമ്മിറ്റി കൺവീനർ

കേരളത്തിലെ ഉന്നത വിദ്യാഭ്യാസ മേഖലയുടെ വളർച്ചയിലും വികാസത്തിലും എയ്ഡഡ് കോളേജ് അധ്യാപകർ വഹിച്ച പങ്ക് വളരെ വലുതാണ്. ഒരുകാലത്ത് സ്വകാര്യ കോളേജ് മാനേജർമാരുടെ കീഴിൽ അടിമസമാനരായി കഴിയേണ്ടി വന്നവരായിരുന്നു അവർ. അവരുടെ ആത്മാഭിമാനം സംരക്ഷിക്കുന്നതിനും അവകാശങ്ങൾ നേടിയെടുക്കുന്നതിനും വേണ്ടി ത്യാഗോജ്ജ്വലമായ നിരവധി സമരപോരാട്ടങ്ങൾ നയിച്ചു വളർന്നു വന്ന പ്രസ്ഥാനമാണ് എ.കെ.പി.സി.ടി.എ. ആ പ്രസ്ഥാനത്തിന്റെ മുൻനിര പോരാളികളും ആദ്യകാല പ്രവർത്തകരുമായിരുന്ന നിരവധിപേർ സർവീസിൽ നിന്നും വിരമിച്ചു കഴിഞ്ഞു.

സർവീസ് കാലയളവിൽ ക്യാമ്പസുകളിലും സമരമുഖത്തും ഒന്നിച്ചു നിന്നവർ വിരമിച്ചതിനു ശേഷം പഴയ അനുഭവങ്ങൾ പങ്കുവെയ്ക്കുവാനും ഗതകാലസ്മരണകൾ ഉണർത്തുവാനും വേണ്ടി വല്ലപ്പോഴും ഒന്നിച്ചു കൂടണം എന്ന് ആഗ്രഹിക്കുന്നത് സ്വാഭാവികം മാത്രമാണ്. ആ ആഗ്രഹം സഫലീകരിക്കുന്നതിനായി കേരളത്തിലെ പല ഭാഗങ്ങളിൽ നിന്നും വിരമിച്ച മുൻകാല പ്രവർത്തകർ മുന്നോട്ടുവന്നതിന്റെ ഫലമായിട്ടാണ് വിവിധ എയ്ഡഡ് കോളേജുകളിൽ നിന്നും വിരമിച്ച അധ്യാപകരുടെ കൂട്ടായ്മയായി സാന്ത്വം രൂപം കൊള്ളുന്നത്.

എയ്ഡഡ് കോളേജ് അധ്യാപകരുടെ കൂട്ടായ്മ രൂപപ്പെടുന്നതിനിടയാക്കിയ ആദ്യ യോഗം നടന്നത് 27.7.2013 ശനിയാഴ്ച രാവിലെ 10 മണിക്ക് തിരുവനന്തപുരത്ത് വഞ്ചിയൂരുള്ള എ.കെ.പി.സി.ടി.എ. സംസ്ഥാന കമ്മിറ്റി ഓഫീസിന് സമീപമുള്ള സംസ്കൃത സർവകലാശാല ഹാളിൽ വച്ചായിരുന്നു.

പിൽക്കാലത്ത് നമ്മെ വിട്ടുപിരിഞ്ഞ നമ്മുടെ പ്രിയങ്കരരായ നേതാക്കൾ പ്രൊഫ. പി. നരേന്ദ്രൻ, പ്രൊഫ. ജി. മാധവൻ നായർ, പ്രൊഫ. എസ്. വിശ്വനാഥൻ എന്നിവർ ഉൾപ്പെടെ 72 പേരാണ് ആ യോഗത്തിൽ പങ്കെടുത്തത്. അത്യന്തം ആവേശകരമായിരുന്നു പ്രസ്തുത യോഗം. സംസ്ഥാനത്തിന്റെ ഏതാണ്ട് എല്ലാ ജില്ലകളിൽ നിന്നുമുള്ള എ.കെ.പി.സി.ടി.എ. യുടെ മുൻകാല പ്രവർത്തകരും നേതാക്കളും പ്രസ്തുത യോഗത്തിൽ വരികയും കൂട്ടായ്മയുടെ ആവശ്യകത ശക്തമായി ഉന്നയിക്കുകയും ചെയ്തു.

ഈ കൂട്ടായ്മ വിരമിച്ച അധ്യാപകരുടെ കേവലം മാനസിക സംതൃപ്തിക്ക് വേണ്ടിയുള്ള ഒരു സംരംഭം മാത്രമാകരുത് എന്നും അംഗങ്ങൾ അഭിപ്രായപ്പെട്ടു. സമൂഹത്തോടും വിദ്യാഭ്യാസമേഖലയോടും, പ്രത്യേകിച്ച് നമുക്കുള്ള പ്രതിബദ്ധതയും ഉത്തരവാദിത്വവും സർവീസിൽ നിന്നും വിരമിക്കുന്നതോടെ അവസാനിക്കുന്നതല്ല. ഈ സമൂഹത്തിൽ തുടർന്നും നല്ല കാര്യങ്ങൾ ചെയ്യാൻ തങ്ങൾക്ക് മനസ്സുണ്ട്. അതിനുള്ള ഭൂമികയും നഷ്ടമായിട്ടില്ല എന്ന് ഉറപ്പാക്കുന്നതിനായിരിക്കണം ഈ കൂട്ടായ്മ ശ്രമിക്കേണ്ടതെന്നും യോഗം ആവശ്യപ്പെട്ടു.

ആദ്യ യോഗത്തിലുണ്ടായ തീരുമാനപ്രകാരം ഒരു മാസം കഴിഞ്ഞ് എറണാകുളത്ത് ബോസ് ഭവനിൽ വച്ച്. 10.8.2013ൽ ശനിയാഴ്ച വീണ്ടും ഒരു യോഗം ചേരുകയുണ്ടായി. കൂട്ടായ്മയ്ക്ക് വേണ്ട സംഘടനാ സ്വഭാവം ചർച്ച ചെയ്യുന്നതിന് കൂടിയായിരുന്നു പ്രസ്തുത യോഗം നടന്നത്. അതിൽ 30 പേരാണ് പങ്കെടുത്തിരുന്നത്. പെൻഷൻകാരുടെ പൊതു സംഘടനയായ കെ. എസ്. എസ്. പി. യുവിൽ നാമെല്ലാം അംഗങ്ങളുമാണ്. ഈ ഘട്ടത്തിൽ കോളേജ് അധ്യാപകരുടെ മാത്രമായിട്ടൊരു കാറ്റഗോറിക്കൽ സംഘടന രൂപീകരിക്കുന്നതിന്റെ ആവശ്യകത സംബന്ധിച്ച് യോഗം ചർച്ചചെയുകയുണ്ടായി.

കെ. എസ്. എസ്. പി.യു അതിവിപുലമായ ഒരു പ്രസ്ഥാനമാണെന്നും അതിൽ കോളേജ് അധ്യാപകരുടെ കാര്യങ്ങൾ വേണ്ടവിധം ശ്രദ്ധിക്കപ്പെടുന്നില്ല എന്നും അതിനാൽ കോളേജ് അധ്യാപകരുടെതായ പ്രശ്നങ്ങളിൽ ഇടപെടാൻ തനതായ ഒരു സംഘം നമുക്ക് ആവശ്യമാണെന്നും പൊതുവെ അഭിപ്രായം ഉണ്ടായി.ചർച്ചകൾ നടക്കണമെന്നും അടുത്ത യോഗത്തിൽ കൂട്ടായ്മയ്ക്ക് അന്തിമരൂപം ഉണ്ടാക്കണമെന്നും തീരുമാനിച്ചാണ് എറണാകുളത്തെ യോഗം അവസാനിപ്പിച്ചത്. എന്നാൽ അതിനു ശേഷം ഒരു നീണ്ട ഇടവേളയിൽ കൂട്ടായ്മയുടെ രൂപീകരണം ആശയതലത്തിൽ മാത്രം ഒതുങ്ങുകയാണുണ്ടായത്.

രണ്ടു വർഷത്തെ ഇടവേളയ്ക്കു ശേഷം 2015 മെയ് 9-ാം തീയതി തിരുവനന്തപുരം സംസ്കൃത സർവകലാശാല പ്രാദേശിക ക്യാമ്പസിൽ വച്ച് ചേർന്ന വിരമിച്ച എയ്ഡഡ് കോളേജ് അധ്യാപകരുടെ കൂടിച്ചേരൽ സാന്ത്വം കൂട്ടായ്മയുടെ രൂപീകരണത്തിന് നിർണായകമായ പങ്ക് വഹിച്ചു. 80 പേർ പങ്കെടുത്ത യോഗം നിർണായകമായ ചില തീരുമാനങ്ങൾ എടുത്തു. മുൻപ് ചേർന്ന യോഗങ്ങളിൽ പങ്കെടുത്ത സംസ്ഥാനത്തിന്റെ ഇതര ഭാഗങ്ങളിൽ നിന്നുമുള്ള അധ്യാപകരും അവരുടെ മാനസിക പിന്തുണയും സഹകരണവും വാഗ്ദാനം ചെയ്യുകയുമുണ്ടായി.

യോഗത്തിൽ പങ്കെടുത്തവരിൽ നിന്നും തെരഞ്ഞെടുത്ത ഒരു ചെറു ഗ്രൂപ്പ് യോഗം ചേർന്ന് ഭാവി പ്രവർത്തനങ്ങൾ സംബന്ധിച്ച് ആലോചിക്കുവാൻ തീരുമാനിച്ചു. കെ.എസ്.എസ്.പി.യു.വിലെ അംഗത്വം നിലനിർത്തിക്കൊണ്ട്തന്നെ റിട്ടയർ ചെയ്ത കോളേജ് അധ്യാപകരുടെ പൊതു പ്രശ്നങ്ങളും താൽപര്യങ്ങളും പ്രകടിപ്പിക്കുവാനുള്ള വേദിയായി ഈ കൂട്ടായ്മ മാറണമെന്നുള്ള പൊതുവികാരം പ്രസ്തുത യോഗത്തിൽ ഉയർന്നുവന്നു. കൂട്ടായ്മയുടെ പ്രവർത്തനം സംബന്ധിച്ച് ഒരു രൂപരേഖ തുടർന്നുള്ള യോഗത്തിൽ അവതരിപ്പിക്കാൻ തീരുമാനിക്കുകയും ചെയ്തു.

ഒരു ചാരിറ്റബിൾ സൊസൈറ്റിയായി നമ്മുടെ കൂട്ടായ്മ രജിസ്റ്റർ ചെയ്യണം എന്നതായിരുന്നു യോഗത്തിൽ ഉയർന്നുവന്ന ധാരണ. അതിലേക്കാവശ്യമായ നിയമവലി, ഭാവി പ്രവർത്തനങ്ങൾ തുടങ്ങിയ വിഷയങ്ങൾ യോഗം ചർച്ച ചെയ്തു.

യോഗത്തിൽ ഉയർന്നുവന്ന അഭിപ്രായങ്ങൾ ഉൾക്കൊണ്ടുകൊണ്ട് ബൈലയുടെ കരട് രേഖ തയ്യാറാക്കുവാൻ പ്രൊഫ. പി. നരേന്ദ്രൻ, പ്രൊഫ. എ പ്രതാപചന്ദ്രൻ നായർ, ഡോ. വി രാജേന്ദ്രൻ, പ്രൊഫ. ഡി. സജീവ് കുമാർ എന്നിവരെ ചുമതലപ്പെടുത്തി. പ്രൊഫ. പി. നരേന്ദ്രനും, പ്രൊഫ. എ. പ്രതാപചന്ദ്രൻ നായരും നിർദേശിച്ചതനുസരിച്ച് കൂട്ടായ്മയുടെ പേര് "സാന്ത്വം" എന്നായിരിക്കണമെന്നും യോഗത്തിൽ അഭിപ്രായമുണ്ടായി.

ചാരിറ്റബിൾ സൊസൈറ്റി ആരംഭിക്കുന്നതിന് നിയമപരമായി നിർദ്ദേശിക്കേണ്ട പ്രൊമോട്ടർമാർ എന്ന നിലയിൽ പ്രൊഫ. കെ. പി. ദിവാകരൻ നായർ (പ്രസിഡന്റ്), പ്രൊഫ. കുമാരി ഗീത നായർ (വൈസ് പ്രസിഡന്റ്), ഡോ. വി. രാജേന്ദ്രൻ നായർ (സെക്രട്ടറി) പ്രൊഫ. ഡി സജീവ് കുമാർ (ജോയിൻ സെക്രട്ടറി), ഡോ. ടി. എൻ. മനോഹരൻ (ട്രഷറർ) എന്നിവരെ ഭാരവാഹികളും പ്രൊഫ. പി. നരേന്ദ്രൻ, പ്രൊഫ. എ. പ്രതാപചന്ദ്രൻ നായർ ,പ്രൊഫ. കെ. ചന്ദ്ര, പ്രൊഫ. സരോജ ദേവി, പ്രൊഫ. രവീന്ദ്രൻ നായർ, പ്രൊഫ. ഗോപാലകൃഷ്ണൻ നായർ, പ്രൊഫ. എം. ദിവാകരൻ നായർ, ഡോ. വി. ജയകുമാർ, പ്രൊഫ. എം. ആർ. സുരേന്ദ്രനാഥ് പ്രൊഫ. ആർ. മോഹന കൈമൾ, ഡോ. രവീന്ദ്രൻ, പ്രൊഫ. ടി. എൻ. രാമൻപിള്ള, പ്രൊഫ. എൻ. ജി. കൃഷ്ണപിള്ള, നരേന്ദ്രൻ എന്നിവർ കമ്മിറ്റി അംഗങ്ങളായും യോഗം അംഗീകരിക്കുകയുണ്ടായി. 2015 സെപ്റ്റംബർ 28ന് സാന്ത്വത്തിന് രജിസ്ട്രേഷൻ വകുപ്പിൽ നിന്നും അംഗീകാരം ലഭിക്കുകയുണ്ടായി. (TVM/TC/1175/2015 Dated :26.9.2015).

തിരുവനന്തപുരത്ത് മന്നം മെമ്മോറിയൽ നാഷണൽ ക്ലബ്ബിൽ വച്ച് 28.9.2015ന് നടന്ന ഡോ. എം. ആർ. രാജഗോപാലിന്റെ (പാലിയം ഇന്ത്യ എന്ന പാലിയേറ്റീവ് പ്രസ്ഥാനത്തിന്റെ അധ്യക്ഷൻ) പ്രഭാഷണമായിരുന്നു സാന്ത്വത്തിന്റെ ആദ്യത്തെ പൊതുപരിപാടി. ആ പരിപാടിയിൽ 75 പേർ പങ്കെടുത്തു. ഡോ. രാജഗോപാലിന്റെ പ്രഭാഷണം അത്യന്തം പ്രയോജനകരമായിരുന്നുവെന്ന് പങ്കെടുത്ത അംഗങ്ങൾ വിലയിരുത്തി. രോഗാതുരരെ ആശ്വസിപ്പിക്കുന്നതിനും വേദന ശമനത്തിനുമായി ഡോ. രാജഗോപാലിന്റെ പാലിയം ഇന്ത്യ നടത്തുന്ന ശ്രമങ്ങളെ മാനിച്ചുകൊണ്ടും, അദ്ദേഹത്തെ അനുമോദിച്ചുകൊണ്ടും സാന്ത്വം അധ്യക്ഷൻ സംസാരിക്കുകയും സാന്ത്വം ട്രഷറർ, പ്രൊഫ. ടി. എൻ. മനോഹരൻ, ഡോ. രാജഗോപാലിനെ പൊന്നാട അണിയിച്ചു സ്വീകരിക്കുകയുമുണ്ടായി.

ആദ്യവർഷം തന്നെ സാന്ത്വത്തിൽ 79 പേർ അംഗങ്ങളായി. തുടർന്ന് അംഗത്വം വർദ്ധിപ്പിക്കുവാനുള്ള ശ്രമം നടന്നു. സംസ്ഥാനത്തിന്റെ പലഭാഗങ്ങളിൽ നിന്നും വിരമിച്ച അധ്യാപകർ സാന്ത്വത്തിന്റെ ആദ്യ പൊതുയോഗത്തിൽ പങ്കെടുക്കുകയുണ്ടായി. 26.7.2016ന് തിരുവനന്തപുരം ഹോട്ടൽ ദ് ക്യാപിറ്റലിൽ വെച്ചാണ് ആദ്യ പൊതുയോഗം നടന്നത്. ആദ്യ പൊതുയോഗത്തിൽ 64 പേർ പങ്കെടുക്കുകയുണ്ടായി. ഏഴാം യു.ജി.സി ശമ്പള പെൻഷൻ പരിഷ്കാരങ്ങൾ നടപ്പിലാക്കാൻ കാലവിളംബമുണ്ടാകുന്ന സാഹചര്യത്തിൽ സംസ്ഥാനത്തെ യു.ജി.സി പെൻഷൻകാർക്ക് ഇടക്കാല പെൻഷൻ വർധന നൽകണമെന്നാവശ്യപ്പെട്ട് സർക്കാറിന് നിവേദനം നൽകാൻ യോഗം തീരുമാനിക്കുകയുണ്ടായി. ഇക്കാര്യത്തിൽ മുന്നോട്ടുള്ള പ്രവർത്തനങ്ങളിൽ നമ്മുടെ സഹോദര പ്രസ്ഥാനമായ ഗവൺമെന്റ് കോളജുകളിൽ നിന്നും വിരമിച്ച അധ്യാപകരുടെ സംഘവുമായി സഹകരിച്ച് മുന്നോട്ട് പോകേണ്ടതാണെന്ന് യോഗം വിലയിരുത്തി. തുടർന്നുള്ള വർഷങ്ങളിൽ 2017 മാർച്ച് 18ന് രണ്ടാം വാർഷിക പൊതു യോഗവും 8.4.2018ന് മൂന്നാം വാർഷിക പൊതുയോഗവും 5.6.2019ന് നാലാം വാർഷിക പൊതുയോഗവും മന്നം മെമ്മോറിയൽ നാഷണൽ ക്ലബ്ബിൽ വച്ച് നടന്നു. അഞ്ചും ആറും വാർഷിക പൊതുയോഗങ്ങൾ കോവിഡ് വ്യാപനത്തിന്റെ പശ്ചാത്തലത്തിൽ ഓൺലൈനായിട്ടാണ് ചേർന്നത്.

വാർഷിക പൊതുയോഗങ്ങളിലെല്ലാം പെൻഷനുമായി ബന്ധപ്പെട്ട വിവിധ പ്രശ്നങ്ങൾ ഗൗരവപൂർവം ചർച്ച ചെയ്തിരുന്നു.ഏഴാം യു.ജി.സി പെൻഷൻ ഉത്തരവിറങ്ങുവാൻ വൈകുന്നതിന്റെ പശ്ചാത്തലത്തിൽ നാം നടത്തേണ്ട ഇടപെടലുകളും സഹോദര സംഘടനകളുമായി നടത്തേണ്ട കൂട്ടായ ശ്രമങ്ങളും സംബന്ധിച്ച് ചൂടേറിയ ചർച്ചകളാണ് നടന്നത്.

അതോടൊപ്പം ഒരു സന്നദ്ധ പ്രസ്ഥാമെന്ന നിലയിൽ പൊതു സമൂഹത്തിന് മാതൃകയായി സാന്ത്വം പ്രവർത്തിക്കേണ്ടതിന്റെ ആവശ്യകത യും പൊതുയോഗങ്ങൾ വിലയിരുത്തി. നിരവധി യായ പരിപാടികളാണ് അംഗങ്ങളുടെ കൂട്ടായ്മ യ്ക്കും ഒത്തൊരുമയ്ക്കും വേണ്ടി സാന്ത്വം ഇക്കാലങ്ങളിൽ നടത്തിയത്.

എല്ലാ ജില്ലകളിലും സാന്ത്വം പ്രവർത്തനം വ്യാപിപ്പിക്കേണ്ടതിന്റെ ആവശ്യകത അഞ്ചാം വാർഷിക പൊതുയോഗത്തിൽ ചൂണ്ടിക്കാണിക്കപ്പെട്ടു. ചാരിറ്റി പ്രവർത്തനങ്ങളുടെ ഭാഗമായി സാന്ത്വം അംഗങ്ങൾ സംഭാവന ചെയ്ത തുക ഉപയോഗിച്ചുകൊണ്ട് നടത്തിയ പ്രവർത്തനങ്ങൾ ശ്രദ്ധേയമാണ് . കമ്മിറ്റി തീരുമാനപ്രകാരം 14.10.2016ന് തിരുവനന്തപുരം ജനറൽ ആശുപത്രിയിലെ അനാഥരായ രോഗികളെ ശുശ്രൂഷിക്കുന്ന ഒമ്പതാം വാർഡിലേക്ക് 30 കിടക്കകൾ വാങ്ങി നൽകുകയുണ്ടായി. ക്യാൻസർ ചികിത്സയ്ക്കായി പരസഹായം തേടുന്ന രോഗികൾക്ക് ദേവകി വാര്യർ ഫൗണ്ടേഷനുമായി സഹകരിച്ചുകൊണ്ട് ധനസഹായം നൽകി.

അതുപോലെ കോവിഡിന്റെ കാലഘട്ടത്തിൽ ഓൺലൈൻ ക്ലാസുകളിൽ പങ്കെടുക്കുന്നതിന് നിർധനരായ വിദ്യാർത്ഥികൾക്ക് മൊബൈൽ സൗകര്യം ലഭ്യമാക്കുന്നതിനായി ഡിജിറ്റൽ ഡിവൈഡ് പരിഹരിക്കുവാൻവേണ്ടി സംസ്ഥാന സർക്കാർ അഭ്യർത്ഥിച്ചത് അനുസരിച്ച് പല ജില്ലാ കമ്മിറ്റികളും മുന്നോട്ടുവന്നു. തിരുവനന്തപുരം ജില്ലാ കമ്മിറ്റി 3 കേന്ദ്രങ്ങളിലായി നിർധനരായ കുട്ടികൾക്ക് 30 മൊബൈൽ ഫോണുകൾ വാങ്ങി നൽകുകയുണ്ടായി. തിരുവനന്തപുരത്ത് ഇ. കെ. നായനാർ ചാരിറ്റബിൾ സൊസൈറ്റിയുടെ നിർധന രോഗികൾക്ക് ഭക്ഷണമെത്തിക്കുന്നതിനുള്ള പ്രവർത്തനങ്ങളിലും സാന്ത്വം സഹകരിക്കുയുണ്ടായി. പ്രകൃതി ദുരന്തങ്ങളും പേമാരിയും കോവിഡും നമ്മുടെ സംസ്ഥാനത്തെ വേട്ടയാടിയപ്പോൾ സംസ്ഥാന സർക്കാരിന് പിന്തുണയും പാവപ്പെട്ടവർക്ക് സഹായവും നല്കാൻ സാന്ത്വം പരമാവധി ശ്രമിക്കുകയുണ്ടായി. പെൻഷൻ ചലഞ്ചിലും കോവിഡ് പ്രതിരോധ ചലഞ്ചിലും നമ്മുടെ പ്രസ്ഥാനം നിർണായകമായ സംഭാവനയാണ് നൽകിയത്.

പെൻഷൻ സംബന്ധിച്ച അംഗങ്ങളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി ഏജീസ് ഓഫീസ് തലത്തിലും ഡി.സി. / ഡെപ്യൂട്ടി ഡി.സി തലത്തിലും സ്വന്തം പ്രവർത്തകർ ഇടപെടുന്നുണ്ട്. സാന്ത്വം കമ്മിറ്റി തീരുമാനപ്രകാരം 14.10.2016ന് തിരുവനന്തപുരം ജനറൽ ആശുപത്രിയിലെ അനാഥരായ രോഗികളെ ശുശ്രൂഷിക്കുന്ന ഒമ്പതാം വാർഡിലേക്ക് 30 കിടക്കകൾ വാങ്ങി നൽകുകയുണ്ടായി. ക്യാൻസർ ചികിത്സയ്ക്കായി പരസഹായം തേടുന്ന രോഗികൾക്ക് ദേവകി വാര്യർ ഫൗണ്ടേഷനുമായി സഹകരിച്ചുകൊണ്ട് ധനസഹായം നൽകി.

മോദി സർക്കാരിന്റെ നോട്ട് പിൻവലിക്കൽ പരിഷ്ക്കാരത്തിനെതിരെ 29.12.2016ന് നടത്തിയ മനുഷ്യച്ചങ്ങലയിൽ സാന്ത്വം അംഗങ്ങൾ അണിചേരുകയുണ്ടായി. ഈ വിഷയത്തിൽ കേരള ശാസ്ത്രസാഹിത്യ പരിഷത്തുമായി സഹകരിച്ചുകൊണ്ട് 06.12.2017 നോട്ട് പിൻവലിക്കൽ: പ്രശ്നവും പ്രതിസന്ധിയും എന്ന വിഷയത്തിൽ സാന്ത്വം ശ്രീ. സി.പി.നാരായണൻ എം.പി.യുടെ പ്രഭാഷണം സംഘടിപ്പിച്ചു. ഫാസിസം കടന്നു വന്ന വഴികൾ എന്ന വിഷയത്തിൽ 8.4.2018ന് പ്രൊഫ. വി.കാർത്തികേയൻ നായരുടെ (ഭാഷ ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ) പ്രഭാഷണം സംഘടിപ്പിച്ചു. സ്വാശ്രയ പ്രൊഫഷണൽ കോളേജുകളിലെ നീതിനിഷേധവും നിയന്ത്രണ സാധ്യതകളും എന്ന വിഷയത്തിൽ 18.3.2017ന് മുൻ കേരള വിദ്യാഭ്യാസ മന്ത്രി എം.എ. ബേബിയുടെ പ്രഭാഷണം സംഘടിപ്പിച്ചു.

സാന്ത്വം നാലാം വാർഷിക പൊതുയോഗത്തോടനുബന്ധിച്ച് 5.6.2019ന് സാമൂഹ്യ വികസനം ജനകീയ കൂട്ടായ്മയിലൂടെ: ഒരു വിജയഗാഥ എന്ന വിഷയത്തിൽ നെടുമങ്ങാട് ആറൽ ബ്ലോക്ക് പ്രസിഡണ്ട് ശ്രീ. ബിജുവിന്റെ അനുഭവങ്ങളുടെ അവതരണം ആകർഷണീയമായിരുന്നു. 2019 നവംബർ 7ന് സത്യാനന്തര ലോകം എന്ന വിഷയത്തിൽ ഡോ. പി.സോമന്റെ പ്രഭാഷണം തിരുവനന്തപുരം പ്രസ് ക്ലബ്ബിൽ സംഘടിപ്പിച്ചു. അതുപോലെ പൗരത്വനിയമഭേദഗതിക്കെതിരെ തിരുവനന്തപുരം സെക്രട്ടറിയേറ്റ് നടയിൽ സാന്ത്വം പ്രവർത്തകർ 11.01.2020ന് സായാഹ്ന ധർണ നടത്തുകയുണ്ടായി.

'ഉന്നത വിദ്യാഭ്യാസ പരിഷ്കാരങ്ങൾ: പ്രശ്നങ്ങളും പരിഹാരങ്ങളും' എന്ന വിഷയത്തിൽ സാന്ത്വം അക്കാദമിക് കമ്മിറ്റി പ്രഭാഷണ പരമ്പര സംഘടിപ്പിക്കുകയുണ്ടായി. ആദ്യ പ്രഭാഷണം 8.11.2021ന് 'അറിവ്, മൂലധനം, വിമർശനാവബോധം' എന്ന വിഷയത്തെ അധികരിച്ച് ഡോ. സുനിൽ പി. ഇളയിടം നടത്തി. സമകാലീന സമൂഹത്തിലെ വിദ്യാഭ്യാസ പ്രക്രിയയുടെ പരിമിതികളെ ആഴത്തിൽ പരാമർശിക്കുന്ന പ്രഭാഷണമായിരുന്നു അത്. തുടർന്ന് 15.11.2021ന് ഡോ. ശ്രീകുമാർ. (ഐ. ആർ. ടീ. സി മുൻ ഡയറക്ടർ) 'കാലാവസ്ഥ വ്യതിയാനം ഭൗമദുരന്തങ്ങൾ, കേരളത്തിന്റെ ഭാവി' എന്ന വിഷയത്തിൽ പ്രഭാഷണം നടത്തി.

പെൻഷൻ ഉത്തരവ് പുതുക്കി ഇറക്കിയെങ്കിലും അതിലും സാരമായ അപാകതകൾ നിലനിൽക്കുകയാണ്. അത് പരിഹരിക്കുന്നതിനുള്ള ശ്രമവും സാന്ത്വം മുൻകൈയെടുത്ത് നടത്തിവരികയാണ്. പെൻഷൻ പരിഷ്കരണത്തിനു വേണ്ടി സാന്ത്വം നടത്തിയ ശ്രമങ്ങൾ ഈ ലക്കത്തിൽ അന്യത്ര വിശദമാക്കുന്നുണ്ട്.

വൺ റാങ്ക് വൺ പെൻഷൻ (OROP) നടപടികൾ ത്വരിതപ്പെടുത്തുവാനും പരിഷ്കരിച്ച കുടുംബപെൻഷൻ ലഭിക്കുവാനും സാന്ത്വം ശക്തമായി ഇടപെട്ടിട്ടുണ്ട്. പെൻഷൻകാരുടെ പ്രശ്നങ്ങളിൽ ഇടപെടുന്നതിനായി സർക്കാർ ഓഫീസ് തലത്തിൽ പ്രവർത്തിക്കുവാനായി ലെയ്സാൺ സംവിധാനവും നിയമപരമായ കാര്യങ്ങളിൽ സാന്ത്വത്തെ സഹായിക്കുവാനായി ഒരു ലീഗൽ സെല്ലും രൂപീകരിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. അംഗങ്ങളുടെ ആശയവിനിമയ സൗകര്യത്തിനായി സാന്ത്വം വെബ്സൈറ്റ് santhwam.com നിലവിൽവരികയുണ്ടായി.
കഴിഞ്ഞ അഞ്ചു വർഷത്തിനിടയിൽ സാമൂഹികവും വിദ്യാഭ്യാസപരവുമായ സമകാലീന വിഷയങ്ങളിൽ പ്രതികരിച്ചുകൊണ്ട് പ്രഭാഷണങ്ങളും സെമിനാറുകളും ചർച്ചകളും സംഘടിപ്പിക്കുവാൻ സാന്ത്വത്തിനായിട്ടുണ്ട്.

കേരളത്തിലെ ഉന്നത വിദ്യാഭ്യാസ മേഖലയിൽ സമഗ്രമായ പരിഷ്കാരങ്ങൾ നിർദ്ദേശിക്കുവാൻ ഇടതുപക്ഷ സർക്കാർ തീരുമാനിക്കുകയുണ്ടായല്ലോ. അതിന്റെ ഭാഗമായി സർക്കാർ മൂന്ന് കമ്മീഷനുകളെ പഠനം നടത്തി റിപ്പോർട്ട് നൽകാൻ വേണ്ടി നിയോഗിച്ചിരിക്കുകയാണ്. ഉന്നതവിദ്യാഭ്യാസരംഗത്ത് പുരോഗമനപരമായ നിലപാടുകൾ സ്വീകരിച്ചുകൊണ്ട് ആ മേഖലയിലെ ജനാധിപത്യ വൽക്കരണത്തിനും സാമൂഹ്യനീതിക്കും വേണ്ടി എന്നെന്നും നില കൊണ്ടിട്ടുള്ള എ. കെ. പി. സി. ടി. എ യുടെ മുൻകാല പോരാളികൾ എന്ന നിലയിൽ ഈ പരിഷ്കാരത്തിന്റെ ഗതിവിഗതികളിൽ അഭിപ്രായം പറയാൻ നമുക്കും ഉത്തരവാദിത്വമുണ്ടെന്ന് സാന്ത്വം വിലയിരുത്തുന്നു. അതിന്റെ ഭാഗമായി അക്കാഡമിക് കമ്മിറ്റിയുടെ നേതൃത്വത്തിൽ യോഗം ചേരുകയും കമ്മീഷനുകൾക്ക് നമ്മുടെ അഭിപ്രായങ്ങൾ ക്രോഡീകരിച്ചു നല്കുകയുമുണ്ടായി. കേരളത്തിലെ വിരമിച്ച സ്വകാര്യ കോളേജ് അധ്യാപകർ ശിഷ്ടകാലവും സജീവമാണെന്നും പ്രതിബദ്ധതയോടെ പ്രവർത്തിക്കുവാൻ നമുക്കാകുമെന്നും 'സാന്ത്വം' പ്രവർത്തനങ്ങളിലൂടെ ബോധ്യപ്പെടുത്തിയിരിക്കുകയാണ്.



ലേഖനം

# കേരളത്തിന് വേണം സുതാര്യമായ ദുരന്തനിവാരണ മാതൃക

**ഡോ. എസ്. ശ്രീകുമാർ**



പ്രകൃതിക്ഷോഭങ്ങൾ പണ്ടു മുതൽ തന്നെ കേരളത്തെ വേട്ടയാടിക്കൊണ്ടിരുന്നു. സംസ്ഥാനത്തിന്റെ പടിഞ്ഞാറൻ തീരദേശ മേഖലകളിൽ കടലാക്രമണവും കിഴക്കൻ പശ്ചിമഘട്ട മലയോര മേഖലകളിൽ ഒറ്റപ്പെട്ട സ്ഥലങ്ങളിൽ ഉരുൾ പൊട്ടലും സാധാരണ ഉണ്ടാകാറുള്ള പ്രകൃതിക്ഷോഭങ്ങളാണ്. എന്നാൽ സമീപ കാലത്തായി സംസ്ഥാനത്തുടനീളം ആവർത്തിച്ച് അനുഭവിച്ചു വരുന്ന വെള്ളപ്പൊക്കവും വരൾച്ചയും ഉരുൾപൊട്ടലും കടലാക്രമണവും ചുഴലിക്കാറ്റും എല്ലാം വ്യത്യസ്തമായ അനുഭവങ്ങളാണ്. ഇരു മേഖലകളിലും ജനസാന്ദ്രത വർധിച്ചതും സ്ഥലം കയ്യേറി അശാസ്ത്രീയമായ നിർമ്മിതികൾ നടത്തിയതും പ്രകൃതിവിഭവങ്ങൾ ചൂഷണം ചെയ്തതും പ്രകൃതിക്ഷോഭങ്ങളെ ദുരന്തങ്ങൾ ആക്കി മാറ്റാൻ സഹായിച്ചു. താളംതെറ്റി എത്തുന്ന കാലാവസ്ഥയും അതിതീവ്രതയും ദുരന്തങ്ങൾ വ്യാപകമാകാൻ പ്രേരകഘടകമായി. കേരളത്തിന്റെ ഭൂപ്രകൃതിയുടെ സവിശേഷത തന്നെ പശ്ചിമഘട്ട മലയോരത്ത് നിന്നും തീരദേശത്തേക്കുള്ള ചെരിവാണ്. മഴ പെയ്തു കഴിഞ്ഞാൽ 24 മണിക്കൂറിനകം വെള്ളം അറബികടലിൽ എത്തുന്ന തരത്തിലുള്ള ചെരിവാണ് ഇവിടെ ഭൂമിക്ക് ഉള്ളത്.

ഈ ദശകത്തിലെ തന്നെ ഏറ്റവും വലിയ വരൾച്ചയാണ് 2016ൽ കേരളം അനുഭവിച്ചത്. 2017ൽ ഓഖി ചുഴലിക്കാറ്റും പിന്നീട് നിരവധി ചുഴലിക്കാറ്റുകളുടെ ഭീഷണിയും അഭിമുഖീകരിച്ചു. 2021ൽ കടലാക്രമണം തീരദേശ മേഖലയിൽ വ്യാപകമായി നാശം വിതച്ചു. ഇടിമിന്നൽ ഉണ്ടാക്കുന്ന ജീവഹാനിയും മറ്റു നാശനഷ്ടങ്ങളും മറ്റൊരു പ്രധാന പ്രകൃതിദുരന്തമാണ്. പ്രകൃതി, കാലാവസ്ഥ എന്നിവയിലെ സവിശേഷതകളാൽ അനുഗ്രഹീതമാണ് കേരളം. ഇതേ കാരണങ്ങളാൽ തന്നെ കേരളം ഒരു ബഹുമുഖ ദുരന്തസാധ്യതാ പ്രദേശമായി മാറിയിരിക്കുകയുമാണ്. ദുരന്തങ്ങളെ പൂർണമായി ഒഴിവാക്കാൻ സാധിക്കുകയില്ല. എന്നാൽ അവയുടെ തീവ്രതയും ആഘാതവും ലഘൂകരിക്കാൻ അനുഭവങ്ങളിലൂടെയും ആസൂത്രണത്തിലൂടെയും ചിട്ടയായ തയ്യാറെടുപ്പുകളിലൂടെയും സാധിക്കും. ഓരോ ദുരന്തത്തിൽ നിന്നും പാഠമുൾക്കൊണ്ടുകൊണ്ട് തുടർന്നു വരുന്ന നടപടികളും നിലപാടുകളും പരിഷ്കരിക്കേണ്ടതായുണ്ട്. ഒഡീഷയിൽ 1999ൽ ചുഴലി കൊടുങ്കാറ്റ് പതിനായിരങ്ങളുടെ ജീവൻ അപഹരിച്ചു. കെട്ടിടങ്ങളും റോഡുകളും തകർന്നടിഞ്ഞു. കൃത്യമായ മുന്നറിയിപ്പും പ്രതികരണ സംവിധാനവും ഉള്ളതിനാൽ തീരദേശത്തെ ജനങ്ങളെ മാറ്റിപ്പാർപ്പിക്കുകയും ചെയ്തു.

2014ൽ ഒഡീഷയിൽ 'ഹുദ് ഹുദ്' ചുഴലിക്കാറ്റ് ആഞ്ഞടിച്ചപ്പോൾ മരണ സംഖ്യ ഏതാനും പേർ മാത്രമായി കുറയ്ക്കാൻ സാധിച്ചു. പിന്നീടുണ്ടായ ചുഴലിക്കാറ്റുകളുടെ എല്ലാം ഗതി നിർണയിക്കാനും എപ്പോഴാണ് തീരം തൊടുന്നത് എന്നും പ്രവചിക്കാനും സാധിച്ചു. അത് നമ്മുടെ രാജ്യത്തിന്റെ ദുരന്തനിവാരണ സംവിധാനത്തിന്റെ വലിയ നേട്ടം തന്നെയാണ്. അങ്ങനെ ഓരോ പ്രദേശത്തും ഏത് പ്രകൃതി ദുരന്തങ്ങൾക്കാണ് സാധ്യത എന്ന് ശാസ്ത്രീയമായി തിട്ടപ്പെടുത്തി അതിനനുസൃതമായി മുന്നൊരുക്കങ്ങൾ നടത്തുക എന്നതാണ് ദുരന്ത ലഘൂകരണത്തിനുള്ള പ്രായോഗികമായ നടപടി.

കേരളത്തിൽ സ്വതവേ സ്ഥിരത കുറഞ്ഞ മേഖലകളിലെ പ്രാദേശികമായ ഇടപെടലുകൾ ആ പ്രദേശങ്ങളെ കൂടുതൽ ദുർബലമാക്കി. പുനർനിർമാണ, പുനരധിവാസ പ്രവർത്തനങ്ങളുടെ വേഗതയെത്തന്നെ ആവർത്തിക്കുന്ന പ്രകൃതി ദുരന്തങ്ങളും കോവിഡ് മഹാമാരിയും പിന്നോട്ടടിച്ചു. അടിക്കടിയുള്ള ദുരന്തങ്ങൾ കേരളത്തിലെ സാമൂഹിക, സാമ്പത്തിക പാരിസ്ഥിതിക ഘടകങ്ങളെ ഒക്കെ തകിടം മറിച്ചിരിക്കുകയാണ്.

തീവ്ര മഴകഴിഞ്ഞ നാലു വർഷങ്ങളിൽ തുടർച്ചയായി തീവ്ര മഴ ഉണ്ടാകാനുള്ള കാരണം വടക്കു പടിഞ്ഞാറൻ ബംഗാൾ ഉൾക്കടലിൽ രൂപപ്പെട്ട അതി ന്യൂനമർദ്ദങ്ങളാണ്. 2018ൽ ഇടവപ്പാതി നേരത്തെ ആരംഭിക്കുകയും ജൂൺ ജൂലൈ മാസങ്ങളിൽ പെയ്ത സുദീർഘമായ മഴ ഉറച്ച ശിലകൾക്ക് മുകളിലുള്ള മേൽമണ്ണിനെ ജലപൂരിതമാക്കി. തുടർന്ന് ആഗസ്റ്റ് 8 മുതൽ 19 വരെ പെയ്ത പെരുമഴ ജലജന്യ ദുരന്തങ്ങൾക്ക് വഴിവച്ചു. 24 മണിക്കൂറിൽ 120 സിസിയിൽ കൂടുതൽ മഴ ലഭിക്കുന്ന പ്രദേശങ്ങളിലെല്ലാം ദുരന്തങ്ങൾ രൂക്ഷമായി.

മൺസൂൺ കാലയളവിൽ തന്നെ ചുഴലിക്കാറ്റുകളുടെ എണ്ണവും വർധിക്കുന്നു എന്നതാണ് മറ്റൊരു പ്രത്യേകത. സമുദ്രങ്ങൾ അധികമായി ചൂടാവുന്നത് വർദ്ധിച്ച ബാഷ്പീകരണത്തിനും അതിതീവ്രമഴക്കും കാരണമാകുന്നു. കൂമ്പാരമേഖലകൾ നീർത്തടങ്ങളിലെ ഏതെങ്കിലും ഉപനീർത്തടം കേന്ദ്രീകരിച്ച് മേഘസ്ഫോടനത്തിനു സമാനമായ രീതിയിൽ ഏതാണ്ട് 50 മുതൽ 70 മി.മീറ്റർ വരെ ഒരു മണിക്കൂറിൽ മഴ പെയ്തിറങ്ങുന്ന രീതി പോയ വർഷങ്ങളിൽ കൂടുതലായി കണ്ടുവരുന്നുണ്ട്.

ഈ മഴയൊക്കെ ഭൂമിയിൽ പെയ്തിറങ്ങിയിട്ടും വരൾച്ചയും ജലക്ഷാമവും മാർച്ച് ഏപ്രിൽ മാസങ്ങളിൽ സംസ്ഥാനത്ത് കഠിനമാകുന്നതായി കാണാം.

**പരിസ്ഥിതി വ്യൂഹങ്ങളുടെ തകർച്ച**

വനങ്ങളും ഇടനാടൻ ചെങ്കൽ കുന്നുകളും തണ്ണീർ തടങ്ങളും വരൾച്ചയേയും വെള്ളപ്പൊക്കത്തേയും തടയിടുന്നുണ്ടെങ്കിൽ കടലാക്രമണത്തിന്റെ യും സുനാമിയുടെയും ശക്തിയെ ക്ഷയിപ്പിക്കാൻ കണ്ടൽക്കാടുകളും കായൽ ശൃംഖലകളും വലിയ പങ്കു വഹിക്കുന്നു. മലയോരമേഖലയിലെ ഉരുൾപൊട്ടലിനെ പ്രതിരോധിക്കുന്നത് വന്യ മരങ്ങളാണ്. വന്യ മരങ്ങളുടെ ആഴത്തിലുള്ള വേരുകൾ മേൽ മണ്ണിനേയും താഴെയുള്ള ശിലകളേയും ബന്ധിപ്പിച്ചു നിർത്തുന്നു. മലയോര പ്രദേശത്ത് മഴയത്ത് മാത്രം പ്രത്യക്ഷപ്പെടുന്ന നീർച്ചാലുകൾ നികത്തി നിർമ്മാണങ്ങൾ നടത്തിക്കഴിഞ്ഞു. അതിതീവ്ര മഴ ലഭിക്കുന്ന ഈ അവസരത്തിൽ ഭൂമിയുടെ തരം മാറ്റം പ്രകൃതി ദുരന്തങ്ങളെ ക്ഷണിച്ചു വരുത്തുന്ന രീതിയിലാണ്.

**പരിഹാരമെന്ത്?**

ആഗോള താപനത്തെ ചെറുക്കാൻ ഏതെങ്കിലും ഒരു രാജ്യത്തിന് ഒറ്റയ്ക്ക് ചെയ്യാൻ കഴിയുന്നതല്ല. എല്ലാ ലോകരാജ്യങ്ങളും കൂട്ടായ ശ്രമം നടത്തിയാൽ മാത്രമേ കാർബൺ പുറന്തള്ളൽ കുറക്കുന്നതിൽ പരിഹാരമുണ്ടാകു. ഇത് ആഗോളതലത്തിൽ ചെയ്യേണ്ട യജ്ഞമാണ്. പക്ഷേ അതിതീവ്രമഴ ഉണ്ടാക്കുന്ന പ്രകൃതി ദുരന്തങ്ങൾ ഒഴിവാക്കാൻ നാം പ്രാദേശികതലത്തിൽ ചിന്തിക്കുകയും പ്രവർത്തിക്കുകയും വേണം. ദുരന്ത ആഘാതം ലഘൂകരിക്കാൻ ഏറ്റവും ചെലവ് കുറഞ്ഞ മാർഗം നമ്മുടെ ആവാസവ്യവസ്ഥയുടെ സംരക്ഷണം തന്നെയാണ്. മനുഷ്യന്റെ അശാസ്ത്രീയമായ ഇടപെടലുകൾ അവസാനിപ്പിക്കണം. ഈ നിലയിൽ പ്രൊഫ. മാധവ് ഗാഡ്ഗിൽ മുന്നോട്ടുവച്ച നിർദേശങ്ങൾ യുക്തിപൂർവ്വകമായും പ്രായോഗികമായും നടപ്പാക്കാൻ പ്രാദേശിക ജനതയും രാഷ്ട്രീയകക്ഷികളും ചർച്ചചെയ്ത് തീരുമാനത്തിലെത്തേണ്ടതുണ്ട്. എല്ലാ തദ്ദേശ സ്വയംഭരണ സർക്കാരുകളും അതാത് പ്രദേശത്തെ ദുരന്ത സാധ്യതകളെപ്പറ്റി പഠിച്ച ആഘാതം കുറയ്ക്കാനുള്ള പദ്ധതികൾ ആവിഷ്കരിക്കേണ്ടതയുണ്ട്. പ്രദേശത്തെ ഡിസാസ്റ്റർ വാൾനറബിലിറ്റി മാപ്പ് തയ്യാറാക്കി പൊതുജനങ്ങളെ അറിയിക്കണം. വാർഷിക പദ്ധതിയിൽ അതിനുവേണ്ടിയുള്ള തുക മാറ്റി വയ്ക്കണം: സംസ്ഥാനത്ത് ഇത്തരം തയ്യാറെടുപ്പുകൾ 02.02.2021 തുടക്കം കുറിച്ചിട്ടുണ്ട്. എങ്കിലും അതാതു പ്രദേശത്തെ വിദക്തരെ പങ്കെടുപ്പിച്ചു ഇത്തരം പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തേണ്ടതുണ്ട്. ഓരോ പദ്ധതിയും ആസൂത്രണം ചെയ്യുന്നത് പ്രകൃതിദുരന്തങ്ങളെ ക്ഷണിച്ചു വരുത്തുവാൻ സഹായിക്കുന്ന രീതിയിൽ ആവരുത്. കാലാവസ്ഥ വ്യതിയാനത്തെക്കുറിച്ചു ഫലപ്രദമായ ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കുകയും ജനങ്ങളിൽ കാലാവസ്ഥ ദുരന്ത സാക്ഷരത വളർത്തിയെടുക്കുകയും വേണം.

ഏറ്റവും സൂക്ഷ്മതലത്തിൽ പ്രാദേശിക കാലാവസ്ഥ പ്രവചനം നടത്തനുള്ള സംവിധാനം നമുക്ക് ഇന്ന് ആവശ്യമാണ്. ഓരോ ജില്ലയിലും പ്രകൃതി വിഭവങ്ങളുടെ ഖനനത്തിന് അനുയോജ്യമായ പ്രദേശങ്ങൾ ഭൗമപരിസ്ഥിതി ശാസ്ത്രജ്ഞരുടെ സംഘം കണ്ടെത്തണം. അത്തരം മേഖലകളിൽ മാത്രമേ ഖനനത്തിന് അനുമതി നൽകാവൂ. നിലവിൽ ഓരോ പ്രദേശത്തും ബാക്കിയായ വയലുകൾ തണ്ണീർതടങ്ങൾ എന്നിവ അതേപടി നിലനില്കേണ്ടതിന്റെ ആവശ്യകതയെപ്പറ്റി ശരിയായ അവബോധം സമൂഹത്തിന് നൽകേണ്ടതുണ്ട്. വർഷകാലത്ത് പുഴകളുടെ ഒഴുക്ക് തടസ്സപ്പെടാതെ ഇരുകരകളിലും ബഫർസോൺ ഉണ്ടാകേണ്ടതായുണ്ട്.

വാട്ടർ ബഡ്ജറ്റ് പ്രാദേശിക തലത്തിൽ തയ്യാറാക്കണം. ജലസ്ഥിതി വിലയിരുത്തി വേണമെങ്കിൽ ഭൂഗർഭ ജലവിതാനം ഉയർത്താൻ കർമ്മ പദ്ധതികൾ തയ്യാറാക്കണം.മലനാട്, ഇടനാട്, തീരപ്രദേശം എന്നീ എല്ലാ മേഖലകൾക്കും ഇന്ന് ഒരേ കെട്ടിട നിർമ്മാണ ചട്ടങ്ങളാണ് ആണ് നിലവിലുള്ളത്. ആവർത്തിക്കുന്ന പ്രകൃതി ദുരന്തങ്ങൾ അനുഭവിക്കുന്ന കൊച്ചു കേരളത്തിന് ഭൂമിശാസ്ത്രപരമായ പ്രത്യേകതകൾക്കും ദുരന്തസാധ്യതകും അനുസരിച്ചുള്ള ബിൽഡിംഗ് കോഡുകൾ തയ്യാറാക്കേണ്ടതായുണ്ട്. ദുരന്തം സംഭവിച്ചാൽ ഉടൻ തന്നെ പ്രതികരിക്കാൻ പ്രാപ്തി ഉള്ളവരായി സമൂഹം മാറണം. രക്ഷാപ്രവർത്തനങ്ങളിൽ ഏർപ്പെടാനും പ്രാഥമിക ശുശ്രൂഷ നൽകാൻ കഴിവുള്ള ഒരു പ്രാദേശിക സന്നദ്ധ സേന ദുരന്തസാധ്യതക്കും പ്രദേശങ്ങളിൽ രൂപീകരിക്കണം. ഇവർക്ക് കൃത്യമായ ഇടവേളകളിൽ മോക്ക് ഡ്രില്ലുകൾ നടത്തുകയും വേണം. ദുരന്തസാധ്യത കൂടിയ മേഖലകളിലെ ജനങ്ങൾക്ക് ദുരന്തമുണ്ടായാൽ ഉണ്ടായേക്കാവുന്ന ആഘാതങ്ങളെ നേരിടുന്നതിന് പര്യാപ്തമായ ഒരു ഇൻഷുറൻസ് പദ്ധതി നടപ്പാക്കണം.ദുരന്ത സാധ്യത വർധിച്ച മേഖലകളിൽ വിവിധോദ്ദേശങ്ങൾ നിറവേറ്റാൻ സാധിക്കുന്ന ഷെൽട്ടറുകൾ നിർമിക്കുകയും തക്കസമയത്തു ഭീക്ഷണിയുള്ള പ്രദേശങ്ങളിൽ നിന്നും ജനങ്ങളെ മാറ്റി പാർപ്പിക്കുകയും ചെയ്യാം.

പ്രാദേശിക തലത്തിലുള്ള ഹാം റേഡിയോ നെറ്റ്‌വർക്കുകളുടെ ഏകോപനത്തിലൂടെയും മൊബൈൽ സേവന ദാതാക്കളുമായി ചേർന്നുള്ള മാസ്സ് എസ്.എം.എസ് സംവിധാനത്തിലൂടെയും അടിയന്തര സാഹചര്യങ്ങളിൽ മുന്നറിയിപ്പുകൾ നേരിട്ട് ജനങ്ങളിൽ എത്തിക്കാൻ സംവിധാനമുണ്ടാകണം.ആവർത്തിച്ച് ഉണ്ടായിക്കൊണ്ടിരിക്കുന്ന പ്രകൃതിദുരന്തങ്ങളിൽ നിന്നുള്ള അതിജീവനം എന്നത് ഒരു വെല്ലുവിളിയും അവസരമായും കണ്ടു, ഭാവിയിൽ ഉണ്ടായേക്കാവുന്ന പ്രകൃതിക്ഷോഭങ്ങളെ കൂടി അതിജീവിക്കുന്ന വിധം കരുത്തോടെ കേരളത്തെ പുനർനിർമ്മിക്കാൻ ഒരുമിച്ച് മുന്നേറേണ്ട സമയമാണിത്.

*പ്രൊഫ. എസ്. ശ്രീകുമാർ ഇരിങ്ങാലക്കുട ക്രൈസ്റ്റ് കോളേജിലെ ജിയോളജി വിഭാഗം പ്രൊഫസറായി വിരമിച്ചു. അറിയപ്പെടുന്ന ഭൗമശാസ്ത്രജ്ഞനാണ്. പാലക്കാട് ഐ ആർ ടി സിയുടെ ഡയറക്ടറായും അദ്ദേഹം പ്രവർത്തിച്ചിട്ടുണ്ട്. സാന്ത്വം അംഗമാണ്*

ലേഖനം

# പെൻഷൻ പരിഷ്കരണം : കാലിക പ്രശ്നങ്ങൾ

പ്രൊഫ. കെ.എസ്. ജയചന്ദ്രൻ
സാന്ത്വം സർവീസ് സെൽ കൺവീനർ

2020 നവംബർ അഞ്ചിനാണ് സംസ്ഥാനത്തെ വിരമിച്ച കോളേജ് അദ്ധ്യാപകരുടെ പെൻഷൻ ഏഴാം യുജി സി പദ്ധതി പ്രകാരം പരിഷ്കരിച്ചുകൊണ്ട് ആദ്യ ഉത്തരവിറങ്ങയത്. ഈ ഉത്തരവ് അങ്ങേയറ്റം നിരാശാ ജനകമായിരുന്നു എന്ന വ്യാപകമായ പരാതിയുണ്ടായതിനെതുടർന്ന് 2021 ഫെബ്രുവരിയിൽ ആദ്യ ഉത്ത രവിൽ പലമാറ്റങ്ങളും വരുത്തിക്കൊണ്ട് പുതിയൊരു ഉത്തരവ് സർക്കാർ പുറപ്പെടുവിച്ചു. രണ്ടാമത്തെ ഉത്തരവ് യുജിസി പെൻഷൻകാരുടെ എല്ലാ പ്രതീക്ഷകളും പൂർണമായി നിറവേറ്റിയില്ലെങ്കിലും ആദ്യത്തെ ഉത്തരവിനെക്കാൾ മെച്ചപ്പെട്ടതായിരുന്നു .

2016 ജനുവരി ഒന്നുമുതൽ 2019 ജൂൺ 30 വരെയുള്ള മൂന്നര വർഷക്കാലത്തെ പെൻഷൻ പരിഷ്ക്കരണ കുടിശ്ശിക എല്ലാ പെൻഷൻകാർക്കും നിഷേധിച്ചു എന്നുമാത്രമല്ല ഈ കാലയളവിൽ വിരമിച്ച അധ്യാപക ർക്കു പുതിയ കമ്മ്യൂറ്റേഷനും കിട്ടാത്ത അവസ്ഥ വന്നുചേർന്നു. സംസ്ഥാനത്തെ യുജിസി പെൻഷൻകാ രുടെ പരമാവധി അടിസ്ഥാന പെൻഷൻ 83400 ആയി നിജപ്പെടുത്തിയതോടുകൂടി പെൻഷൻ പരിഷ്ക്കര ണത്തിനുശേഷം പല അധ്യാപകരുടേയും പുതുക്കിയ പെൻഷനിൽ കാര്യമായ കുറവ് ഉണ്ടാകുകയും ചെയ്യുന്നു . എ ഐ സി ടി ഇ വിഭാഗത്തിൽപെട്ട പെൻഷൻകാർക്കും ഇതേ രീതിയിലുള്ള ഉത്തരവ് 2021 ഫെബ്രുവരിയിൽ സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട് . യു.ജി.സി/ എ.ഐ.സി.ടി.ഇ വിഭാഗത്തിൽപെട്ട പെൻ ഷൻകാരുടെ ചില സംശയങ്ങളും അവക്കുള്ള മറുപടിയും താഴെ കൊടുത്തിരിക്കുന്നു .

**2016ൽ റിട്ടയർ ചെയ്ത അദ്ധ്യാപകർക്കും 2017ൽ റിട്ടയർ ചെയ്ത ഏതാനും അധ്യാപകർക്കും പെൻ ഷൻ പുനർനിർണയം നടത്തുമ്പോൾ അടിസ്ഥാന പെൻഷനിൽ കാര്യമായ കുറവുണ്ടാകുന്നു. 2015ൽ റിട്ടയർ ചെയ്ത അധ്യാപകരുടെ അടിസ്ഥാന പെൻഷനേക്കാൾ ഇവരുടെ പെൻഷൻ കുറ ഞ്ഞുപോകും. ഇതിനുള്ള കാരണമെന്താണ് ? ഇതൊരു അപാകതയല്ലേ ? അതെങ്ങനെ പരിഹരിക്കാ ൻ പറ്റും ?**

2020 നവംബറിലെ പെൻഷൻ ഉത്തരവിലെ ഒരപാകതയാണ് ഇതിനുകാരണം. അവസാനത്തെ 10 മാസത്തെ അടിസ്ഥാന ശമ്പളത്തിന്റെ ശരാശരിയുടെ അടിസ്ഥാനത്തിലാണല്ലോ പെൻഷൻ നിർണ്ണയി ക്കുന്നത്.ഈ വിഭാഗത്തിൽ പെടുന്ന അധ്യാപകർക്ക് കുറെ മാസങ്ങൾ 2016 ജനുവരിക്ക് മുൻപും ഏതാ നും മാസങ്ങൾ 2016 ജനുവരി മുതലും അവസാനത്തെ 10 മാസത്തിന്റെ പരിധിയിൽ വരും . അങ്ങനെ ശരാശരി എടുക്കുമ്പോൾ 2016 ജനുവരിക്ക് മുൻപുള്ള മാസങ്ങളിലെ അടിസ്ഥാന ശമ്പളത്തിന്റെ കൂടെ 2016 ജനുവരി ഒന്നിലെ 125 ക്ഷാമബത്ത കൂടി കൂട്ടി അടിസ്ഥാന ശമ്പളം നോഷണൽ ആയി കണക്കാ ക്കാനാണ് ഉത്തരവിൽ പറഞ്ഞിരിക്കുന്നത്. 2016 ജനുവരി മുതലുള്ള മാസങ്ങളിൽ 2016 ജനുവരി ഒന്നിന് പുനർ നിർണ്ണയിച്ച അടിസ്ഥാന ശമ്പളം 10 മാസത്തെ ശരാശരി കണക്കാക്കുന്നതിന് ഉപയോഗിക്കും. അങ്ങനെ കാണുന്ന 10 മാസത്തെ ശരാശരിയുടെ പകുതിയാണ് 30 വർഷം സർവീസുള്ള അധ്യാപകന്റെ അടിസ്ഥാന പെൻഷൻ. 2016 ജനുവരിക്ക് മുൻപുള്ള മാസങ്ങളിലെ അടിസ്ഥാന ശമ്പളത്തിന്റെ കൂടെ 125 ക്ഷാമബത്ത മാത്രം കൂട്ടിയാൽ മതി എന്ന നിബന്ധനയാണ് അപാകതക്ക് കാരണം . ഏഴാം യുജിസി ശമ്പള/പെൻഷൻ പരിഷ്കരണത്തോടനുബന്ധിച്ചുള്ള 32 ശതമനം വെയിറ്റേജ് 2016ന് പുറകോട്ടുള്ള മാസങ്ങളിൽ ലഭിക്കുന്നില്ല.

ഈ വിഭാഗത്തിൽ പെടുന്ന അധ്യാപകർക്ക് 32 ശതമനം വെയിറ്റേജിന്റെ ആനുകൂല്യം ഭാഗികമായി ലഭി ക്കുമ്പോൾ 2015ൽ റിട്ടയർ ചെയ്തവർക്ക് പെൻഷൻ പരിഷ്ക്കാരത്തിനു ഈ ആനുകൂല്യം പൂർണമായി ലഭിക്കുന്നു . 2016 ജനുവരി ഒന്നിന് പുനർനിർണ്ണയിച്ച അടിസ്ഥാന ശമ്പളം തന്നെ 2016 ജനുവരിക്ക് മുമ്പു ള്ള മാസങ്ങളിലെ അടിസ്ഥാന ശമ്പളമായി (നോഷനലായി) കണക്കാക്കിയാൽ ഈ അപാകത പരിഹരി ക്കാവുന്നതേയുള്ളൂ. 2006 മുതൽ നടപ്പാക്കിയ ആറാം യുജിസി പെൻഷൻ പരിഷ്ക്കരണത്തിൽ ഇത്തര ത്തിലാണ് ഈ അപാകത പരിഹരിച്ചത്.

മുകളിൽ പറഞ്ഞ കാര്യം ഉദാഹരണ സഹിതം വ്യക്തമാക്കാം. ഒരധ്യാപകൻ 30 വർഷത്തെ സെർവിസി ന് ശേഷം 2016 മെയ് 31 നു റിട്ടയർ ചെയ്തു . വിരമിച്ച സമയത്തെ അടിസ്ഥാന ശമ്പളം ആറാം യുജിസി പദ്ധതിയിൽ 63,930 ആയിരുന്നു . അതിന്റെ അടിസ്ഥാനത്തിൽ അന്ന് അനുവദിച്ച അടിസ്ഥാന പെൻഷൻ 31,965 ആണ് .

2016 ജനുവരി ഒന്നിന് ഏഴാം യുജിസി പദ്ധതി പ്രകാരം നിശ്ചയിച്ച അടിസ്ഥാന ശമ്പളം 1,66,400 ആണ്. സർക്കാർ ഉത്തരവുപ്രകാരം അവസാനത്തെ 10 മാസത്തെ അടിസ്ഥാന ശമ്പളത്തിന്റെ ശരാശരി 63,930 ꠸ 2.25 ꠸ 5 + 1,66,400 ꠸ 5 എന്നതിന്റെ പത്തിലൊന്നാണ്. ഇതിന്റെ പകുതിയാണ് പുതുക്കിയ അടിസ്ഥാന പെൻഷൻ. ഇത് 77,561 എന്ന് കാണാം. എന്നാൽ 2015 മേയ് മാസത്തിൽ റിട്ടയർ ചെയ്ത അധ്യാപകന്റെ അടിസ്ഥാന പെൻഷൻ 31,030 ആയിരുന്നത് 2016 ജനുവരി ഒന്നുമുതൽ 31,030 ꠸ 2.57 = 79,748 ആയി പുനർ നിർണ്ണയിച്ചു. 2015ൽ റിട്ടയർ ചെയ്ത അധ്യാപകന് 2016ൽ വിരമിച്ച അധ്യാപകനേക്കാൾ പെൻഷൻ കൂടുതൽ കിട്ടുന്ന അവസ്ഥ ഉണ്ടാകുന്നു. എന്നാൽ 2016 ജനുവരി ഒന്നിന് നിർണ്ണയിച്ച 166400 എന്ന അടിസ്ഥാന ശമ്പളം 2016 ജനുവരിക്ക് മുൻപുള്ള മാസങ്ങളിലെ അടിസ്ഥാന ശമ്പളമായി നോഷണലായി കണക്കാക്കിയാൽ അവസാനത്തെ 10 മാസത്തെ ശരാശരി ശമ്പളം 1,66,400 ആകുകയും അതിന്റെ 50 ശതമാനമായ 83,200 വിരമിച്ച തിയ്യതിയായ മെയ് 31 ന് അടിസ്ഥാന പെൻഷനായി കണക്കാക്കപ്പെടുകയും ചെയ്യും . ഇതാണ് ഈ അപാകതക്ക് ഒരു പരിഹാരമായി ആറാം യു.ജി.സി പെൻഷൻ പദ്ധതിയിൽ സർക്കാർ ഉത്തരവായത്.

**വൺ റാങ്ക് വൺ പെൻഷൻ എന്ന ആശയം ഒന്ന് വിശദീകരിക്കാമോ ? സ്റ്റേജ് ഫിസേഷനോട് കൂടിയ വൺ റാങ്ക് വൺ പെൻഷൻ എന്താണ്? അത് എവിടെയെങ്കിലും നടപ്പാക്കിയിട്ടുണ്ടോ?**

2016 ജനുവരി ഒന്നിന് മുൻപും അതിന് ശേഷവും റിട്ടയർ ചെയ്ത അധ്യാപകർക്ക് റാങ്ക് വൺ പെൻഷൻ എന്ന തത്വത്തിന്റെ ആനുകൂല്യം ലഭിക്കും. വൺ റാങ്ക് വൺ പെൻഷൻ എന്നത് ഒരുതരത്തിലുള്ള മിനിമം പെൻഷനാണ്. ഒരു പെൻഷൻ പരിഷ്കരണത്തിന്റെ ഭാഗമായി ഒരു പ്രത്യേക തസ്തികയിൽ നിന്ന് വിരമിച്ച അധ്യാപകന്റെ പെൻഷൻ പുനർ നിർണയിക്കുന്ന സമയത്തു ആ അധ്യാപകന് പ്രസ്തുത തസ്തികയുടെ പുതുക്കിയ ശമ്പള സ്കെയിലിന്റെ മിനിമത്തിന്റെ പകുതിയെങ്കിലും അടിസ്ഥാന പെൻഷനായി ലഭിച്ചിരിക്കണം. മുപ്പത് വർഷമെങ്കിലും സർവീസ് ഉണ്ടെങ്കിലേ ഈ ആനുകൂല്യം പൂർണമായി ലഭിക്കുകയുള്ളൂ. അതിൽ താഴെ സർവീസ് ഉള്ളവർക്ക് ആനുപാതികമായേ അടിസ്ഥാന പെൻഷൻ നിർണയിക്കപ്പെടുകയുള്ളൂ. വൺ റാങ്ക് വൺ പെൻഷൻ എന്ന ആനുകൂല്യം കുടുംബ പെൻഷൻ നിർണയത്തിനും ബാധകമാണ്.

പെൻഷൻ പരിഷ്കരണത്തിന്റെ ഭാഗമായി മാത്രമല്ല, റിട്ടയർ ചെയ്യുന്ന സമയത്തെ പെൻഷൻ നിർണയത്തിന്റെ സമയത്തും വൺ റാങ്ക് വൺ പെൻഷൻ എന്ന തത്വം ബാധകമാണ്. ഇവ ഉദാഹരണ സഹിതം വ്യക്തമാക്കാം. ഒരു അദ്ധ്യാപകൻ സെലക്ഷൻ ഗ്രേഡ് ലെക്ചറർ ആയി മൂന്നിൽക്കൂടുതൽ വർഷം പൂർത്തിയാക്കിയതിന് ശേഷം 2001ൽ 30 വർഷത്തെ സർവീസോടുകൂടി റിട്ടയർ ചെയ്തു. 2006 ജനുവരി ഒന്നുമുതൽ നടപ്പാക്കിയ ആറാം യുജിസി പെൻഷൻ പരിഷ്കരണത്തിന്റെ ഭാഗമായി അടിസ്ഥാന പെൻഷൻ 23,200 ആയും അടിസ്ഥാന കുടുംബ പെൻഷൻ 13,920 ആയും പുനർ നിർണ്ണയിച്ചിരുന്നു. 2016 ജനുവരി ഒന്നു മുതൽ നടപ്പാക്കിയ ഏഴാം യുജിസി പെൻഷൻ പരിഷ്കരണത്തിൽ നിലവിലുള്ള അടിസ്ഥാന പെൻഷനെ 2.57 എന്ന സംഖ്യകൊണ്ട് ഗുണിച്ചിട്ടാണ് പുതുക്കിയ അടിസ്ഥാന പെൻഷൻ കണ്ടുപിടിക്കുന്നത് .അങ്ങനെ ഗുണിച്ചുകിട്ടുന്ന സംഖ്യയാണ് പുതുക്കിയ അടിസ്ഥാന പെൻഷൻ.

എന്നാൽ, സെലക്ഷൻ ഗ്രേഡിൽ മൂന്നുവർഷം പൂർത്തിയാക്കി വിരമിച്ച അദ്ധ്യാപകരെല്ലാം ആറും ഏഴും യുജിസി പദ്ധതികളിൽ അസോസിയേറ്റ് പ്രൊഫസ്സർ മാരായിട്ടാണ് പരിഗണിക്കപ്പെടുന്നത്. അസോസിയേറ്റ് പ്രൊഫസ്സറുടെ പുതുക്കിയ ശമ്പള സ്കെയിലിലെ മിനിമം ശമ്പളം 1,31,400 ആണ്. അതുകൊണ്ട്, വൺ റാങ്ക് വൺ പെൻഷൻ പ്രകാരം അസോസിയേറ്റ് പ്രൊഫെസ്സർ ആയി വിരമിച്ച അദ്ധ്യപകന്റെ മിനിമം പെൻഷൻ 1,31,400 ന്റെ പകുതിയായ 65,700 ആയിരിക്കണം .30 വർഷം സർവീസ് ഇല്ലങ്കിൽ 65,700 ന്റെ അനുപാതികമായേലഭിക്കുകയുള്ളൂ. എന്നാൽ, നിലവിലുള്ള അടിസ്ഥാന പെൻഷനെ 2.57 എന്ന സംഖ്യകൊണ്ട് ഗുണിച്ചു കിട്ടുന്ന സംഖ്യ ആണ് മെച്ചപ്പെട്ടതെങ്കിൽ ആ സംഖ്യ അടിസ്ഥാന പെൻഷനായി ലഭിക്കും. മേല്പറഞ്ഞ ഉദാഹരണത്തിൽ, 23,200നെ 2.57 കൊണ്ട് ഗുണിക്കുമ്പോൾ 59,624 ലഭിക്കുന്നു. 30 വർഷം സർവീസ് ഉള്ള ഈ അദ്ധാപകന് വൺ റാങ്ക് വൺ പെൻഷൻ പ്രകാരം 65,700 രൂപാ അടിസ്ഥാന പെൻഷനായി ലഭിക്കും. അതുപോലെ തന്നെ, 1,31,400ന്റെ 30 ശതമാനമായ 39,420 വൺ റാങ്ക് വൺ ഫാമിലി പെൻഷൻ പ്രകാരം അടിസ്ഥാന ഫമിലി പെൻഷനായും ലഭിക്കും. 2016 ജനുവരി ഒന്നിന് മുൻപ് വിരമിച്ച അധ്യാപകരുടെ അടിസ്ഥാന ശമ്പളം ഏഴാം യുജിസി പദ്ധതി പ്രകാരം പുനർ നിർണ്ണയിച്ച ശേഷം അതിന്റെ പകുതി അടിസ്ഥാന പെൻഷനായി നൽകുക. ഇനി,വൺ റാങ്ക് വൺ പെൻഷൻ പ്രകാരമുള്ള അടിസ്ഥാന പെൻഷനാണു മെച്ചപ്പെട്ടതെങ്കിൽ അത് സ്വീകരിക്കുക .ഇതാണ് സ്റ്റേജ് ഫിക്സേഷനോട് കൂടിയ വൺ റാങ്ക് വൺ പെൻഷൻ. ഇത്,കേന്ദ്ര സർക്കാർ അവരുടെ കീഴിലുള്ള യുജിസി പെൻഷൻകാർക്ക് നടപ്പാക്കിയിട്ടുള്ളതാണ്.

************

ലേഖനം

# XE – കോവിഡിന്റെ നാലാം തരംഗമോ?

**ഡോ. അനീഷ് ടി എസ്,**
**അസ്സോസിയേറ്റ് പ്രൊഫസർ, കമ്മ്യൂണിറ്റി മെഡിസിൻ, തിരുവനന്തപുരം ഗവണ്മെന്റ് മെഡിക്കൽ കോളേജ്.**

**കോവിഡ് 19 ഏതാണ്ട് അവസാനിക്കുകയാണോ? അതോ കൂടുതൽ ശക്തിയായി തിരികെ വരിക**
**യാണോ?** ഇതാണ് ഇപ്പോഴത്തെ ചിന്താവിഷയം. ജൂൺ മാസത്തോടെ ഒരു നാലാം തരംഗം വന്നേക്കാം
എന്ന് കരുതുന്നു. അതുകൊണ്ട് അതിനെ നേരിടാനും നാം തയ്യാറെടുപ്പുകൾ നടത്തേണ്ടിയിരിക്കുന്നു.
കോവിഡ് 19 ഒരു മഹാമാരിയാണ്. വളരെ കൂടുതൽ ആളുകൾ അതിന് വിധേയരായി. ഒരു സുപ്രഭാത
ത്തിൽ ഈ രോഗം ഇല്ലാതെയാകില്ല. ഒരു തടാകത്തിലേക്ക് കല്ലെടുത്ത് ഇട്ടാൽ നിരവധി തരംഗങ്ങൾ
ഉണ്ടായി പതിയെ കെട്ടടങ്ങും പോലെയാണ് അതിന്റെ വ്യാപനവും അവസാനിക്കലും.

മഹാമാരിക്ക് 'Pandemic' എന്നാണ് പറയുക. Pandemicകൾ Endemic (ഒരു രാജ്യത്തെ ജനസമൂഹത്തിൽ
ആകെ കാണുന്ന രോഗം) ആയി ക്രമേണ കെട്ടടങ്ങുകയാണ് ചെയ്യുന്നത്. ജലദോഷപ്പനി പോലും ഒരു
കാലത്ത് മഹാമാരിയായിരുന്നു. കോവിഡും അതുപോലെ ആയിത്തീരാൻ സാധ്യതയുണ്ട്. രോഗം
വന്നു പോയതുകൊണ്ടും, വാക്സിനേഷൻ കൊണ്ടും നാം ആർജ്ജിച്ച പ്രതിരോധശക്തി അപകടാവ
സ്ഥയെ ചെറുക്കാൻ സഹായിക്കുന്നു. ജനിതകവ്യതിയാനം അപകടകരമായി തീർന്ന രോഗമാണ്
ഡെങ്കി. കോവിഡിൽ അത്തരത്തിലുള്ള പ്രശ്നങ്ങളില്ല. കോവിഡിന്റെ ജനിതകെ വ്യതിയാനങ്ങൾ
പ്രായേണ ദുർബലമാണ്. ഇപ്പോൾ രോഗം പതിയെ കുറയുന്നതിന്റെ ലക്ഷണമാണ് കാണുന്നത്.

വൈറസുകൾക്ക് പലതരത്തിലുള്ള സ്വഭാവ വ്യതിയാനങ്ങൾ കൈവരിക്കാൻ സാധിക്കും. എങ്കിലും
ക്രമേണ അതിന്റെ പ്രഹരശേഷി കുറഞ്ഞുവരും. ഒരു നാലാം തരംഗം ഉണ്ടായിക്കൂടെന്നില്ല. അത്
അവസാനിച്ചാലും പുതിയ മഹാമാരികൾ വരുംകാലങ്ങളിൽ ഉണ്ടാകാനിടയുണ്ട്. ഇതുവരെയുള്ള
അനുഭവങ്ങളിൽനിന്ന് അത്തരം മഹാമാരികളെ പ്രതിരോധിക്കുവാനുള്ള പാഠങ്ങൾ നാം പഠിക്കുകയാ
ണ് വേണ്ടത്.

ഒമൈക്രോണിന്റെ ഒരു വകഭേദം XE എന്ന പേരിൽ യൂറോപ്പിലും മറ്റും കാണുന്നുണ്ട്. അത് പത്ത് മടങ്ങ്
വേഗത്തിൽ വ്യാപിക്കുന്നതാണ്. എന്നാൽ യൂറോപ്പിലും ചില ഏഷ്യൻ രാജ്യങ്ങളിലും കാണുന്ന
Ba1, BA2 വകഭേദങ്ങൾ കേരളത്തിൽ വന്നു പോയവയാണ്. അത് രണ്ടും ചേർന്നാണ് ഇവിടെ രോഗം
പരത്തിയത്. ഒരാളിൽ തന്നെ ഈ രണ്ട് വകഭേദവും ഒരുമിച്ച് വരാനും സാധ്യതയുണ്ട് എന്നത്
2 ജനിതക വ്യതിയാനങ്ങൾ ചേർന്നുവരുന്ന റീകോംപിനന്റ് ആയ വകഭേദമാണ്. ഒരു കോശത്തിൽ
തന്നെ രണ്ട് ജനിതക വ്യതിയാനങ്ങളുടെ വകഭേദം വരുക, അത് ഒരേ സമയം ഉണ്ടാകുമ്പോൾ പരസ്പ
രം കൈമാറ്റം ചെയ്യപ്പെട്ട പുതിയൊരു വൈറസ് വ്യതിയാനമായി മാറാൻ ഇടയാക്കുക. ഇങ്ങനെയാണ്
XE ആകുന്നത്. അത് വേഗത്തിൽ പടർന്നു പിടിക്കുമെങ്കിലും നമ്മെ കാര്യമായി അപകടപ്പെടുത്തനുള്ള
സാധ്യത കുറവാണ്.

എപ്പിഡെർമിസ്റ്റുകളുടെ അഭിപ്രായത്തിൽ കോവിഡിന്റെ പ്രഭാവ കാലം കഴിഞ്ഞു. എങ്കിലും
നാം ശീലിച്ച കാര്യങ്ങൾ മാറ്റാൻ സമയമായില്ല. ആൾക്കൂട്ടങ്ങളും വായുമലിനീകരണ പ്രദേശങ്ങളും
പരമാവധി ഒഴിവാക്കുക തന്നെ വേണം. മലിന വായുവിൽ നിന്ന് രക്ഷനേടാൻ മാസ്ക് സഹായിക്കും.
കോവിഡിന്റെ പുത്തൻ ജനിതക വ്യതിയാനങ്ങൾ വരാൻ സാധ്യതയുണ്ട്. എന്നാൽ അവയൊന്നും
മനുഷ്യരാശിയെ അപകടപ്പെടുത്തുന്ന തരത്തിലുള്ള രോഗം ആകാൻ സാധ്യത ഇല്ല. എങ്കിലും
ശ്രദ്ധ കൈവിടാൻ സമയമായില്ല എന്ന് നാം അറിയേണ്ടതുണ്ട്.

# പെൻഷൻ പരിഷ്കരണത്തിന് വേണ്ടി...

ഏഴാം യു.ജി.സി പെൻഷൻ പരിഷ്കരണത്തിനായുള്ള നമ്മുടെ ശ്രമങ്ങൾ 2018 ജനുവരിയിൽ തന്നെ ആരംഭിച്ചു. 1.1.2016 മുതൽ നടപ്പിലക്കേണ്ട പെൻഷൻ റിവിഷൻ അനിശ്ചിതമായി നീണ്ട സാഹചര്യത്തിൽ സർവ്വകലാശാലാ-കോളേജ് അധ്യാപകരുടെ ദേശീയ സംഘടനയായ AIFUCTOയുടെ വേദികളിൽ അതിനായുള്ള പ്രക്ഷോഭം ഉയർത്തിക്കൊണ്ടുവരാനും സർക്കാർ തലത്തിൽ സമ്മർദ്ദം ചെലുത്തുവാനും വേണ്ടിയുള്ള ശ്രമങ്ങളിൽ നമ്മളും പങ്കാളികളായി. AIFUCTO യുടെ ഇടപെടലുകളും പ്രക്ഷോഭങ്ങളും ഏഴാം യു.ജി.സി പെൻഷൻ പരിഷ്കരണം യാഥാർത്ഥ്യമാക്കുന്നതിന് ഇടയാക്കി. 2018 ജനുവരിയിൽ ഇതു സംബന്ധിച്ച് ഉത്തരവിറങ്ങി. കേന്ദ്രസർക്കാർ യു.ജി.സി ശമ്പള/പെൻഷൻ പരിഷ്കരണം നടത്തിക്കൊണ്ട് ഉത്തരവിറക്കിയ ഉടൻ തന്നെകേരളത്തിലും ഏഴാം യു.ജി.സി ശമ്പള/പെൻഷൻ പരിഷ്കരിച്ചു കൊണ്ട് ഉത്തരവിറക്കണം എന്ന് ആവശ്യപ്പെട്ടുകൊണ്ട് സാന്ത്വം കേരള സർക്കാറിന് നിവേദനം നൽകുകയുണ്ടായി. എന്നാൽ പെൻഷൻ പരിഷ്കരണം സംബന്ധിച്ച ഉത്തരവ് ഇറങ്ങുന്നതിനുമുൻപായി ഏഴാം യു.ജി.സി ശമ്പള പരിഷ്കാരം കേരളത്തിൽ നടപ്പിലാക്കേണ്ടതുണ്ട് എന്നും അതിനുശേഷം ആ ഉത്തരവിന്റെ അടിസ്ഥാനത്തിൽ മാത്രമേ പെൻഷൻ പരിഷ്കരണം സംബന്ധിച്ച മാനദണ്ഡങ്ങൾ രൂപപ്പെടുത്താനാകു എന്നുമുള്ള നിലപാടാണ് ഉദ്യോഗസ്ഥർ സ്വീകരിച്ചത്.

പെൻഷൻ റിവിഷൻ യാഥാർത്ഥ്യമാക്കുന്നതിനുള്ള ശ്രമങ്ങൾക്ക് കൂട്ടായ ശക്തി ലഭിക്കുന്നതിനായി ഗവൺമെന്റ് കോളേജുകളിൽ നിന്നും വിരമിച്ച അധ്യാപകരുടെ കൂട്ടായ്മയായ ഗവൺമെന്റ് കോളേജ് റിട്ടേഡ് ടീച്ചേഴ്സ് വെൽഫെയർ അസോസിയേഷനുമായിയും എ.ഐ.സി.ടി.ഇ, മെഡിക്കൽ, ആയുർവേദ മേഖലകളിലുള്ളവരുമായും സഖ്യമുണ്ടാക്കിക്കൊണ്ട് കൂട്ടായ മുന്നേറ്റത്തിന് നാം ശ്രമിച്ചു. സഹോദരസംഘടനകളെ പ്രതിനിധീകരിച്ചുള്ളവർ ചേർന്ന് ഒരു 'ജോയിന്റ് ആക്ഷൻ കൗൺസിൽ' നിലവിൽവന്നു. ആക്ഷൻ കൗൺസിലിന്റെ ആഭിമുഖ്യത്തിൽ ഏഴാം യു.ജി.സി/ എ.ഐ.സി.ടി.ഇ/ മെഡിക്കൽ പെൻഷൻ പരിഷ്കരണം ഉടൻ നടത്തണം എന്ന് ആവശ്യപ്പെട്ടുകൊണ്ട് ഒരു കൺവെൻഷൻ തിരുവനന്തപുരത്ത് 18-12-2019 ന് ചേരുകയുണ്ടായി. പ്രസ് ക്ലബ്ബിൽ വച്ച് ചേർന്ന സംസ്ഥാനതല കൺവെൻഷനിൽ മുന്നൂറോളംപേർ പങ്കെടുത്തു. സി.പി.ഐ (എം) സംസ്ഥാന കമ്മിറ്റി അംഗവും ഇപ്പോഴത്തെ ധനകാര്യ മന്ത്രിയുമായ ശ്രീ. കെ.എൻ. ബാലഗോപാലാണ് കൺവെൻഷൻ ഉദ്ഘാടനം ചെയ്തത്.

സാമ്പത്തിക പ്രതിസന്ധികൾക്കിടയിലും കോളേജ് സർവ്വകലാശാല അധ്യാപകരുടെ പെൻഷൻ റിവിഷൻ അനുഭാവപൂർവ്വം എൽ.ഡി.എഫ് പരിഗണിക്കുമെന്ന് ഉദ്ഘാടകൻ അന്ന് ഉറപ്പ് നൽകുകയുണ്ടായി. 2019 ഡിസംബറിൽ സാന്ത്വവും 'ജോയിന്റ് ആക്ഷൻ കൗൺസിലും' കേരളത്തിലെ ഉന്നത വിദ്യാഭ്യാസ മന്ത്രിക്കും ധനകാര്യ മന്ത്രിക്കും മുഖ്യമന്ത്രിക്കും വീണ്ടും നിവേദനം നൽകുകയുണ്ടായി. യു.ജി.സി/എ.ഐ.സി.ടി.ഇ/മെഡിക്കൽ മേഖലയിലെ പെൻഷനർമാരുടെ പെൻഷൻ റിവിഷൻ ഏഴാം യു.ജി.സി ശമ്പളപരിഷ്കരണം നിർദ്ദേശിക്കുന്ന പ്രകാരം 1.1.2016 മുതൽ കേന്ദ്രപെൻഷൻ വ്യവസ്ഥകൾ അനുസരിച്ച് നടപ്പിലാക്കണമെന്നാണ് നാം ആവശ്യപ്പെട്ടത്. സർക്കാർ തലത്തിലും ഉദ്യോഗസ്ഥതലത്തിലും എ.കെ.പി.സി.ടി.എ, എ.കെ.ജി.സി.ടി നേതാക്കളും സാന്ത്വം ഭാരവാഹികളും നടത്തിയ സമ്മർദ്ദത്തെ തുടർന്ന് 29.6.2019ന് കേരളത്തിൽ കോളേജ് സർവകലാശാല അധ്യാപകർക്ക് ശമ്പളം പരിഷ്കരിച്ചു കൊണ്ടുള്ള ഉത്തരവിറങ്ങി. അതിനെത്തുടർന്ന് സാന്ത്വം ഭാരവാഹികളും "ജോയിന്റ് ആക്ഷൻ കൗൺസിൽ" ഭാരവാഹികളും ഒന്നിച്ചു ധനകാര്യമന്ത്രിയെ കാണുകയും പെൻഷൻ പരിഷ്കരണം നടത്തണമെന്ന് ആവശ്യപ്പെടുകയുണ്ടായി. ഉദ്യോഗസ്ഥരുടെ അഭിപ്രായപ്രകാരം പെൻഷൻ റിവിഷനുവേണ്ടിയുള്ള പ്രൊപ്പോസൽ ഉന്നത വിദ്യാഭ്യാസ വകുപ്പിൽ നിന്നുമാണ് വരേണ്ടത് എന്നായിരുന്ന വിശദീകരണം ലഭിച്ചത്. തുടർന്ന് ഉന്നത വിദ്യാഭ്യാസ മന്ത്രിയെ കാണുകയും പെൻഷൻ റിവിഷനുവേണ്ടിയുള്ള നിർദ്ദേശം ധനകാര്യ വകുപ്പിലേക്ക് അയക്കുവാൻ വേണ്ട നടപടികൾ സ്വീകരിക്കണമെന്ന് അഭ്യർഥിക്കുകയുണ്ടായി. ഇതിനായുള്ള നിവേദനവും നൽകി. എന്നാൽ ഉന്നത വിദ്യാഭ്യാസ മന്ത്രിയുടെ ഓഫീസിൽ നിന്നും നിർദേശം ധനകാര്യവകുപ്പിലെത്താൻ അസാധാരണമായ കാലതാമസമാണ് ഉണ്ടായത്. പെൻഷൻ പരിഷ്കരണം ഉണ്ടാകുമ്പോഴുള്ള അധിക ചെലവ് കണക്കാക്കുവാനായി എത്ര അധ്യാപകരാണ് സംസ്ഥാനത്താകെ യു.ജി.സി പെൻഷനർമാരായി ഉള്ളതെന്ന് കാറ്റഗറി തിരിച്ചുള്ള സ്ഥിതിവിവരങ്ങൾ ലഭ്യമാക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് കേരളത്തിലെ വിവിധ സർവകലാശാലകളിലേക്കും ഡി.സി., ഡെപ്യൂട്ടി ഡി.സി തലങ്ങളിലേക്കും സർക്കാർ കത്ത് നൽകുകയുണ്ടായി.

എന്നാൽ നടപടി ഒന്നും ഉണ്ടായില്ല. ഈ സന്ദർഭത്തിൽ ഓരോ സർവകലാശാലയിലും ഡി.സി ഓഫീസിലും സാന്ത്വം പ്രവർത്തകർ നിരന്തരം ബന്ധപ്പെടുന്നുണ്ടായിരുന്നു.അതോടൊപ്പം, സംസ്ഥാന ട്രഷറി ഡയറക്ടറെ സമീപിക്കുകയും വിരമിച്ച യു.ജി.സി പെൻഷനർമാരുടെ സ്ഥിതി വിവരം നൽകണമെന്ന് ആവശ്യപ്പെടുകയുമുണ്ടായി. ട്രഷറി ഡയറക്ടർ നൽകിയ വിശദമായ സ്ഥിതി വിവരങ്ങൾ എല്ലാ സർവ്വകലാശാലകളിലും നൽകുകയും അതിന്റെ അടിസ്ഥാനത്തിൽ നിരന്തര സമ്മർദ്ദത്താൽ സർവകലാശാലകളിൽ നിന്ന് അവസാനം സ്ഥിതിവിവരം ഉന്നത വിദ്യാഭ്യാസ വകുപ്പിൽ എത്തുകയുമുണ്ടായി. അങ്ങനെ 2019 ഒക്ടോബർ മാസത്തോടെ ധനകാര്യ വകുപ്പിലേക്ക് പെൻഷൻ പരിഷ്കരണത്തിനുള്ള പ്രൊപ്പോസൽ എത്തിച്ചേർന്നു. അതിന്റെ പിന്നാലെ വിടാതെ പിന്തുടർന്ന സാന്ത്വം - ജോയിന്റ് ആക്ഷൻ കൗൺസിൽ പ്രവർത്തകർക്ക് അവസാനം 14.3.2020ൽ ധനകാര്യ മന്ത്രിയുമായി ചർച്ച നടത്തുവാനുള്ള അവസരം ലഭ്യമായി.

14.3.2019ന് ധനവകുപ്പ് മന്ത്രി ഡോ. ടി.എ. തോമസ് ഐസക്കുമായി സാന്ത്വം ആക്ഷൻ കൗൺസിൽ പ്രതിനിധികൾ ചർച്ച നടത്തി. എത്രയും വേഗം പെൻഷൻ പരിഷ്കരണ ഉത്തരവ് ഇറക്കുന്നതിനുള്ള ധനപരമായ അനുമതി നൽകാമെന്ന് അദ്ദേഹം ഉറപ്പു പറഞ്ഞു. മാത്രവുമല്ല സംസ്ഥാന ജീവനക്കാർക്ക് ഉള്ള പെൻഷൻ പരിധി യു.ജി.സി പെൻഷൻകാർക്ക് നടപ്പിലാക്കരുതെന്നും യു.ജി.സി പെൻഷൻ പരിഷ്കരണത്തിന്റെ അടിസ്ഥാനത്തിൽ വേണം നമ്മുടെ പെൻഷൻ പരിഷ്കരണം നടപ്പിലാക്കേണ്ടത് എന്നുമുള്ള നമ്മുടെ ആവശ്യം മന്ത്രി തത്വത്തിൽ അംഗീകരിക്കുകയുമുണ്ടായി.

പക്ഷേ പെൻഷൻ പരിഷ്കരണ ഉത്തരവ് ഇറങ്ങൻ പിന്നെയും താമസം നേരിട്ടു. അവസാനം 5.11.2020ന് പെൻഷൻ പരിഷ്കരണ ഉത്തരവ് യാഥാർഥ്യമായി. പക്ഷേ, ഉത്തരവ് തീർത്തും നിരാശാജനകമായിരുന്നു. നാം പ്രതീക്ഷിച്ചതിൽ നിന്നും വിപരീതമായി 60,000 രൂപ പരിധി നിശ്ചയിച്ചു കൊണ്ടുള്ളതായിരുന്നു ഉത്തരവ്. നിരവധിയായ പ്രശ്നങ്ങൾ വേറെയും ഉത്തരവിൽ ഉണ്ടായിരുന്നു. ഈ ഉത്തരവ് മരവിപ്പിക്കണമെന്നും നമ്മോട് ചർച്ച നടത്തിയശേഷം അപാകതകൾ പരിഹരിച്ചു കൊണ്ടുള്ള ഉത്തരവ് ഉടൻ ഉണ്ടാകണമെന്നും നാം സർക്കാറിനോട് ആവശ്യപ്പെട്ടു.

സാന്ത്വം-ആക്ഷൻ കൗൺസിൽ പ്രവർത്തകരുടെ ശക്തമായ പ്രതിഷേധത്തെ തുടർന്ന് 5.11.2020ലെ ഉത്തരവിന്റെ അപാകതകൾ പരിഹരിക്കുന്നതിനായി ഉന്നതവിദ്യാഭ്യാസ അഡീഷണൽ സെക്രട്ടറി രാജശ്രീ അധ്യക്ഷയായികൊണ്ട് ഒരു അപാകത പരിഹാര കമ്മീഷന് സർക്കാർ രൂപം കൊടുത്തു. ഈ കമ്മിഷനുമായി ചർച്ച ചെയ്യാൻ അവസരം തരണമെന്ന് നാം ആവശ്യപ്പെട്ടു. എന്നാൽ, കമ്മീഷൻ ചർച്ച ഒഴിവാക്കുകയാണുണ്ടായത്. പകരം നമ്മുടെ നിർദ്ദേശങ്ങൾ എഴുതി നൽകുവാൻ ആവശ്യപ്പെടുകയുണ്ടായി. തുടർന്ന് സാന്ത്വവും ആക്ഷൻ കൗൺസിലും വെവ്വേറെ നിവേദനങ്ങൾ രാജശ്രീ കമ്മിഷന് നൽകുകയുണ്ടായി. അതിനെ തുടർന്ന് 21.2.2021 പെൻഷൻ പരിഷ്കരണ ഉത്തരവ് പുതുക്കി ഇറക്കുകയുണ്ടായി.

21.2.2021 ലെ പുതുക്കിയ ഉത്തരവ് പെൻഷൻ പരിധി 83,500 രൂപയായി ഉയർത്തുകയുണ്ടായി. അത് ഒരു ആശ്വാസമായിരുന്നു എങ്കിലും നിരവധിയായ അപാകതകൾ പുതുതായി ഉണ്ടാക്കുകയും പഴയ പ്രശ്നങ്ങൾ നിലനിൽക്കുകയുമാണുണ്ടായത്. ഈ അപാകതകൾ ഓരോന്നും പരിഹരിക്കുന്നതിനായി സർക്കാർതലത്തിൽ നിവേദനങ്ങൾ നൽകുകയുണ്ടായി. നിയമസഭ തെരഞ്ഞെടുപ്പ് നടക്കുന്ന പശ്ചാത്തലത്തിൽ കൂടുതൽ ഒന്നും ചെയ്യുവാൻ കഴിഞ്ഞിരുന്നില്ല.

പുതിയ സർക്കാർ (രണ്ടാം പിണറായി സർക്കാർ) നിലവിൽ വന്ന ശേഷം പുതിയ ധനകാര്യ മന്ത്രിയായി നിയമിതനായ ശ്രീ. കെ.എൻ. ബാലഗോപാലനെയും ബന്ധപ്പെട്ട സെക്രട്ടറി റാങ്കിലുള്ള ഉദ്യോഗസ്ഥരെയും പലതവണ ആക്ഷൻ കൗൺസിൽ ഭാരവാഹികൾ കാണുകയുണ്ടായി. നമ്മളുമായി ഒരു ചർച്ചയ്ക്ക് അവസരം ഉണ്ടാക്കണം എന്ന് ആവർത്തിച്ച് ആവശ്യപ്പെടുകയുമുണ്ടായി. കൂടാതെ, രാഷ്ട്രീയ നേതൃത്വവുമായി നേരിട്ട് കണ്ടു പെൻഷൻ ഉത്തരവിലെ പ്രശ്നങ്ങൾ പരിഹരിക്കുവാൻ ഇടപെടണമെന്നും ആവശ്യപ്പെട്ടു. ആ രീതിയിൽ പ്രശ്നങ്ങൾ പരിഹരിക്കുവാനാകുന്നില്ലെങ്കിൽ മാത്രമേ നിയമപരവും പ്രക്ഷോഭപരവുമായ നടപടിക്രമങ്ങളിലേക്ക് പോകേണ്ടതുള്ളൂ എന്നും സാന്ത്വം കമ്മിറ്റി വിലയിരുത്തുകയുണ്ടായി.




# സായാഹ്ന സാന്ത്വം ട്രസ്റ്റ്

സാന്ത്വം അംഗങ്ങളുടെ മുൻകയ്യോടെ സമാനമനസ്കരായ ഇതര മേഖലയിലുള്ളവരുമായി സഹകരിച്ചുകൊണ്ട് ആരംഭിച്ച ട്രസ്റ്റ് ആണ് 'സായാഹ്ന സാന്ത്വം'. വ്യക്തമായ ട്രസ്റ്റ് നിയമാവലിയുടെ അടിസ്ഥാനത്തിലാണ് അത് പ്രവർത്തിക്കുന്നത്. ജീവിതത്തിന്റെ സായംകാലത്ത് അനിവാര്യമായ സാഹചര്യങ്ങളാൽ ഒറ്റപ്പെട്ടുപോകുന്നവർക്ക് സുരക്ഷിതവും ഉന്മേഷപ്രദവുമായ അന്തരീക്ഷത്തിൽ ശിഷ്ടകാലം ചിലവഴിക്കുവാൻ അവസരമൊരുക്കുക, സാമൂഹ്യ നന്മയിലൂന്നിക്കൊണ്ടുള്ള വികസന മാതൃകകളും ജീവകാരുണ്യ പ്രവർത്തനങ്ങളും നടത്തുക, വിദ്യാഭ്യാസ-സാംസ്കാരിക പരിപാടികൾ സംഘടിപ്പിക്കുക തുടങ്ങിയവയാണ് ട്രസ്റ്റിന്റെ മുഖ്യ ലക്ഷ്യങ്ങൾ.

'ഓരോരുത്തരും അന്യോന്യം കൈത്താങ്ങാക്കുക' എന്ന കാഴ്ചപ്പാടോടെ ട്രസ്റ്റിന്റെ ആദ്യ സംരംഭമായ സെലിസ്റ്റ്യൽ സിറ്റി (**Celestial City** )എന്ന വാസ സമുച്ചയം നെടുമങ്ങാടിനടുത്തു ഉഴമലക്കൽ പഞ്ചായത്തിൽ മാണിക്യപുരത്തു പ്രവർത്തനം ആരംഭിക്കുകയാണ്. സെലിസ്റ്റ്യൽ സിറ്റിയുടെ ഉദ്ഘാടനം 2022 മെയ് മാസം അവസാനത്തോടെ നടത്തുവാൻ ആലോചിക്കുന്നു. വിരമിച്ച എയ്ഡഡ് കോളേജ് അധ്യാപകരുടെ ഒത്തുചേരലിനും സഹവാസത്തിനും മനസ്സിനിണങ്ങിയ സന്നദ്ധ പ്രവർത്തനങ്ങളിൽ വ്യാപൃതരാകുന്നതിനും വേണ്ടിയുള്ള ഒരിടമായിരിക്കും 'സെലസ്റ്റ്യൽ സിറ്റി ക്യാമ്പസ്'.

## സായാഹ്ന സാന്ത്വത്തിലേക്ക്
# സ്വാഗതം



സാന്ത്വം വാർഷിക പൊതുയോഗത്തിൽ നിന്ന്

# Santhwam

## Unity of Retired Aided College Teachers of Kerala

Santhwam is a public movement of the retired aided college teachers of Kerala aimed to promote unity, fraternity and integrity among themselves. It is a registered organisation under the Charitable Societies Act 1955. It came into being in the Year 2015.

Printed & Published by Prof. A Prathapachandran Nair (Managing Editor) on behalf of Santhwam, Trivandrum, Kerala | Chief Editor: Dr. V Rajendran